CHRISTIAN MUSICOLOGICAL SOCIETY OF INDIA




# പുണ്യചരിതനായ പാലയ്ക്കൽ തോമ്മാ മൽപാൻ

www.TheCMSIndia.org


CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ സേവനമനുഷ്ഠിച്ച
പരി. കന്യാമറിയത്തിന്റെ നാമത്തിലുള്ള പള്ളിപ്പുറം പള്ളി




പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ പുണ്യകുടീരം



പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ
ഭൗതീകാവശിഷ്ടങ്ങൾ അടക്കം ചെയ്തിരിക്കുന്ന
പള്ളിപ്പുറം പള്ളിയിലെ അൾത്താര

www.TheCMSIndia.org

# പുണ്യചരിതനായ
# പാലയ്ക്കൽ
# തോമ്മാ മൽപാൻ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**പുണ്യചരിതനായ**
**പാലയ്ക്കൽ തോമ്മാ മൽപാൻ**

വി. ചാവറ കുര്യാക്കോസ് ഏലിയാസ്

മുദ്രണം : ഡോൺ ബോസ്കോ ഇഗാക്ട്,
കൊച്ചി

പ്രമുക്തി : ജനുവരി 03, 2016

www.TheCMSIndia.org

# ആമുഖം

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എഴുതിയ 'മലയാളത്തിൽ ക. നി. മൂ. സഭയുടെ അടിസ്ഥാനക്കാരിൽ ഒന്നാമനായ പള്ളിപ്പുറത്തുപള്ളി ഇടവകക്കാരൻ പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചന്റെ ജീവചരിത്രം' ആധുനിക മലയാളത്തിലേക്കു ഭാഷാന്തരം ചെയ്ത്, പുതിയ ആമുഖത്തോടുകൂടി ഇപ്പോൾ പ്രസിദ്ധീകരിക്കുകയാണ്. പല സവിശേഷതകളുള്ള ഒരു കൃതിയാണിത്. ഒരു വിശുദ്ധൻ എഴുതിയ മറ്റൊരു വിശുദ്ധ പുരുഷന്റെ ജീവചരിത്രം, ഒരു ശ്രേഷ്ഠശിഷ്യൻ ഗുരുവന്ദനമായി രചിച്ച കൃതി, ഒരുപക്ഷേ മലയാളസാഹിത്യത്തിൽ ജീവചരിത്രശാഖയിലെ ആദ്യത്തെ ഗ്രന്ഥം എന്നീ പ്രത്യേകതകൾ ഇതിനുണ്ട്. പാലയ്ക്കൽ തോമാ മല്പാനച്ചൻ ദിവംഗതനായിട്ട് ചുരുങ്ങിയ കാലയളവിനുള്ളിൽ എഴുതപ്പെട്ടതിനാൽ, സജീവമായ ഓർമ്മകളുടെ പ്രതിഫലനവുമാണിത്. അതുകൊണ്ടുതന്നെ ഇതിന്റെ ആധികാരികത വളരെ ആഴമാണ്, ദൃഢമാണ്.

സി.എം.ഐ സഭ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതിന്റെ സുവർണജൂബിലിയവസരത്തിൽ (1905), മാന്നാനം ആശ്രമത്തിന്റെ അന്നത്തെ പ്രിയോർ ബ. അലക്സാണ്ടറച്ചന്റെ മുഖവുരയോടുകൂടി, ഈ ജീവചരിത്രം ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടു. മൂലകൃതി മാറ്റങ്ങളൊന്നും വരുത്താതെ അന്നു പ്രസിദ്ധീകരിച്ചതിനെക്കുറിച്ച്, മുഖവുരയിൽ ഇങ്ങനെ കാണുന്നു: 'ദൈവത്തിന്റെ പ്രത്യേക കൃപയാൽ മലയാളത്തിൽ ഈ സഭ സ്ഥാപിക്കപ്പെട്ടുവെന്ന് ഈ ജീവചരിത്രത്തിൽനിന്നു



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സ്പഷ്ടമായി കാണാവുന്നതാണ്. ഈ ജൂബിലിയവസരത്തിൽ ദൈവത്തിനു പ്രത്യേകമായി ഉപകാരസ്മരണ ചെയ്യുന്നതിന് ഈ ചരിത്രം നമ്മെ ഉത്സാഹിപ്പിക്കും. മലയാളഭാഷ ദിവസേന പരിഷ്കരിക്കപ്പെട്ടുവരുന്ന ഈ കാലത്ത്, നമ്മുടെ പിതാക്കന്മാർ പഴയ കാലങ്ങളിൽ എഴുതിയിട്ടിരിക്കുന്ന ഈ ചരിത്രങ്ങൾ ഭാഷയിൽ പല ന്യൂനതയുള്ളവയായി വല്ലവർക്കും തോന്നിയേക്കാം. എന്നാൽ, പൂർവത്തിന്മേലുള്ള വണക്കം നിമിത്തവും, വിശ്രുത ദൈവശുശ്രൂഷികളായടി പിതാക്കന്മാരുടെ വ്യക്തമായ പരമാർത്ഥ വാക്യങ്ങളിൽ ഒരുവിധ ആത്മീയമഹത്വം പ്രകാശിപ്പിക്കയാലും, അവയിൽ ഞങ്ങൾ യാതൊരു ഭേദഗതിയും ചെയ്യാതെ പ്രസിദ്ധപ്പെടുത്തുകയത്രെ ചെയ്തിട്ടുള്ളത്. ഈ ചുരുങ്ങിയ ചരിത്രം പുണ്യജീവിതത്തിനു നമ്മെ ഉത്സാഹിപ്പിക്കുന്നതു കൂടാതെ, മലയാളത്തിലെ പള്ളിച്ചരിത്ര വിഷയത്തിൽ നമുക്ക് ഒരു ദീപമായി ശോഭിക്കുകയും ചെയ്യും എന്ന് വിശ്വസിക്കുന്നു.'

ഇതിനുശേഷം, കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ, പാലയ്ക്കൽ തോമാ മല്പാന്റെ നൂറ്റിയമ്പതാം ചരമവാർഷികം ആചരിച്ചയവസരത്തൽ (1991), മേൽസൂചിപ്പിച്ച അതേ മലയാളത്തിൽ ജീവചരിത്രം പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി. എങ്കിലും, പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ വി. ചാവറയച്ചൻ ഉപയോഗിച്ച ഭാഷ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ വായനക്കാർക്ക് സുഗ്രഹമാകാനിടയില്ല എന്നതുകൊണ്ടാണ് ഇപ്പോൾ ഭാഷാന്തരം ചെയ്തു പ്രസിദ്ധീകരിക്കുന്നത്. മലയാള ഭാഷാധ്യാപകനും പല ഗ്രന്ഥങ്ങളുടെയും കർത്താവുമായ ശ്രീ ഷാജി മാലിപ്പാറയാണ് ഈ കൃതി ആധുനിക മലയാളത്തിലേക്ക് പരാവർത്തനം ചെയ്തിരിക്കുന്നത്. വളരെ സുഗമവും സുന്ദരവും ആയ ഭാഷയിൽ വി. ചാവറയച്ചന്റെ ആശയങ്ങൾ അവതരിപ്പിച്ച ശ്രീ ഷാജിക്കു വളരെ നന്ദി പറയുന്നു.

പുണ്യചരിതനായ പാലയ്ക്കൽ തോമാ മല്പാന്റെ വ്യക്തിത്വത്തെക്കുറിച്ച് വി. ചാവറയച്ചൻ നടത്തുന്ന ചില നിരീക്ഷണങ്ങൾ കൂടുതൽ ആഴമായ വിചിന്തനത്തിനും പഠനത്തിനും വിധേയമാക്കേണ്ടതുണ്ടെന്നു കരുതുന്നു. ജനത സർവീസസ് പ്രസിദ്ധീകരിച്ച മേൽസൂചിപ്പിച്ച പുസ്തകത്തിൽ, ഫാ. ജോൺ റോമിയോ പാട്ടശേരി സി.എം.ഐ പാലയ്ക്കൽ മല്പാനച്ചന്റെ വ്യക്തിത്വം വിശകലനം ചെയ്തെഴുതിയ ഒരു ലേഖനം ഉണ്ടായിരുന്നു. അതുംകൂടി പരിഗണിച്ച്, പുണ്യശ്ലോകനായ മല്പാനച്ചനെക്കുറിച്ചുള്ള ഏതാനും ചിന്തകൾ



www.TheCMSIndia.org

മേൽസൂചിപ്പിച്ച ആഴത്തിലുള്ള പഠനത്തിലേക്കുള്ള ആഹ്വാനമെന്നോണം, ഈ ആമുഖത്തിൽ പങ്കു വയ്ക്കുന്നു.

**ആചാര്യനായ ഗുരു:** ഗുരുവിനോടൊത്തു വസിച്ചുകൊണ്ട്, ശിഷ്യന്മാർ ഗുരുമുഖത്തുനിന്ന് അധ്യയനം നടത്തിയിരുന്ന രീതിയായിരുന്നല്ലോ ഭാരതത്തിൽ അനേകം നൂറ്റാണ്ടുകൾ നിലനിന്നിരുന്ന ഗുരുകുല വിദ്യാഭ്യാസം. ഈ വിദ്യാഭ്യാസ സംവിധാനത്തിന്റെ ഒരു തരത്തിലുള്ള അനുരൂപിത വൈദിക പരിശീലന രീതിയായിരുന്നു മല്പാൻ സമ്പ്രദായം. പുരാതന കാലം മുതൽ സുറിയാനിക്രിസ്ത്യാനികളുടെയിടയിൽ നിലനിന്നിരുന്ന ഈ വൈദികപരിശീലന രീതിയനുസരിച്ച്, വൈദികാർത്ഥികൾ മല്പാൻ അഥവാ അധ്യാപകൻ എന്നറിയപ്പെട്ടിരുന്ന ഒരു പുരോഹിതന്റെ കൂടെ താമസിച്ച് ആവശ്യമായ ദൈവശാസ്ത്രപരവും ആത്മീയശാസ്ത്രപരവും ആയ അറിവും, വ്യക്തിത്വരൂപവത്ക്കരണവും ആർജ്ജിച്ചിരുന്നു. ദൈവവിജ്ഞാന മേഖലയിൽ സർവകലാശാലാ തലത്തിലുള്ള ഉപരിപഠനമോ, പ്രത്യേക ഡിഗ്രിയോ ഒന്നുമില്ലായിരുന്നെങ്കിലും, സാധാരണയിൽ കവിഞ്ഞ അറിവും അതോടൊപ്പം പരക്കെ അംഗീകരിക്കപ്പെട്ടിരുന്ന ആത്മീയതയും ഉണ്ടായിരുന്ന വൈദികരെയാണ് സമൂഹം മല്പാന്മാരായി പരിഗണിച്ചിരുന്നത്. ഇത്തരം മല്പാൻമാർ പല വർഷങ്ങളെടുത്ത് വൈദികാർത്ഥികൾക്ക് ആവശ്യമായ ബൗദ്ധികവും ആത്മീയവും ആയ പരിശീലനം നൽകുകയും, അതിന്റെ അന്ത്യത്തിൽ അവർതന്നെ ശിഷ്യന്മാരുടെ വ്യക്തിത്വവളർച്ചയെ വിലയിരുത്തി, പുരോഹിത പട്ടത്തിനായി മെത്രാനോടു ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. വ്യകതിപരമായ പരസ്പരബന്ധത്തിൽ അടിയുറച്ച രൂപവത്ക്കരണവും, ഗുരുവും ശിഷ്യന്മാരും ഒരുമിച്ചു ജീവിക്കുന്ന കുടുംബാന്തരീക്ഷവും ഈ സമ്പ്രദായത്തിന്റെ സവിശേഷ ഗുണങ്ങളായിരുന്നു. എങ്കിലും, ഒരു അദ്ധ്യാപകനെ മാത്രം ആശ്രയിച്ചായിരുന്നു ദൈവശാസ്ത്രപരമായ വിദ്യാഭ്യാസം മുഴുവൻ നടന്നിരുന്നത് എന്നത് ഈ സമ്പ്രദായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു പരിമിതിയായിരുന്നു. മാത്രമല്ല, ഈ മല്പാന്മാർക്കാകട്ടെ തങ്ങളുടെ വിജ്ഞാനം വർദ്ധിപ്പിക്കാനാവശ്യമായ ഗ്രന്ഥങ്ങളൊന്നും അക്കാലത്ത് സുലഭമല്ലായിരുന്നു. അച്ചടി വ്യാപകമല്ലായിരുന്നതിനാൽ ദുർലഭമായിരുന്ന കൈയെഴുത്തു പ്രതികളെയാണ് അവർ ആശ്രയിച്ചിരുന്നത്. ഇതിനു പുറമെ, അക്കാലങ്ങളിലെ മല്പാന്മാർക്ക് പലർക്കും പുതുവിജ്ഞാനസ്രോതസ്സുകളായ ആധുനിക വിദേശഭാഷകളിലോ ക്ലാസിക്കൽ ദൈവവിജ്ഞാന ഭണ്ഡാര

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മായ ലത്തീനിലോ പോലും വ്യുത്പത്തിയുണ്ടായിരുന്നില്ല. ഭൂരിപക്ഷം പേരും സുറിയാനിയിലെ ഗ്രന്ഥങ്ങളെ മാത്രമാണ് ആശ്രയിച്ചിരുന്നത്. ക്ലാസിക് കാലഘട്ടത്തിനുശേഷം സുറിയാനിയിൽ ദൈവവിജ്ഞാനം കാര്യമായി വളർന്നിട്ടില്ലായിരുന്നുതാനും.

ഈ സാഹചര്യത്തിൽനിന്നു നിരീക്ഷിക്കുമ്പോഴാണ് പാലയ്ക്കൽ തോമാ മല്പാനെപ്പോലുള്ളവരുടെ തനിമ തിരിച്ചറിയുന്നത്. തന്റെ ശിക്ഷണത്തിലുള്ളവരുടെ വിജ്ഞാനചക്രവാളം സാധിക്കുന്നത്ര വിപുലമാക്കണമെന്ന വീക്ഷണം അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടാണ് മലയാളത്തിനും സുറിയാനിക്കും പുറമെ, തമിഴിൽനിന്നും കിട്ടാവുന്നത്ര ഗ്രന്ഥങ്ങൾ ശേഖരിച്ച് അദ്ദേഹം ഉപയോഗിച്ചിരുന്നത്. വിജ്ഞാനത്തിന്റെ മണ്ഡലം അന്തർദേശീയമായിത്തന്നെ വളരണം എന്ന താല്പര്യം കൊണ്ടാണ് ശിഷ്യന്മാരിൽ കഴിവു കൂടുതലുള്ളവരെ (ചാവറയച്ചൻ ഉൾപ്പെടെ) ലത്തീൻ ഭാഷ പഠിപ്പിക്കാൻ മറ്റ് അദ്ധ്യാപകരുടെയടുത്തേക്കു പറഞ്ഞയച്ചത്. ഇതിനുപുറമെ, ഒരു സെമിനരിയിലെന്നപോലെ, സമയക്രമവും ചിട്ടയും, വസ്ത്രം, ഭക്ഷണം, പരിശീലനം എന്നിവയിൽ ചട്ടങ്ങളും തന്റെ വൈദികാർത്ഥികൾക്ക് അദ്ദേഹം നിഷ്ക്കർഷിച്ചതും വൈദികപരിശീലനം കഴിയുന്നത്ര കാര്യക്ഷമമായിത്തീരണം എന്ന ലക്ഷ്യമുണ്ടായിരുന്നതുകൊണ്ടാണ്. ശിഷ്യന്മാരോടൊപ്പം, അറിവു സമ്പാദിച്ചു സ്വയം വളരുന്നതിനും മല്പാനച്ചൻ എന്നും ബദ്ധശ്രദ്ധനായിരുന്നു. ഒരു പുസ്തകത്തോടുകൂടിയല്ലാതെ അദ്ദേഹത്തെ കണ്ടിരുന്നില്ലയെന്നാണല്ലോ ചാവറയച്ചൻ സാക്ഷ്യപ്പെടുത്തുന്നത്. ദിവസവും ദീർഘനേരം വായനയ്ക്കായി ചിലവഴിക്കുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. ഇങ്ങനെ നോക്കുമ്പോൾ, മല്പാന്മാരിൽത്തന്നെ ശ്രേഷ്ഠനും വന്ദ്യനുമായിരുന്നു പാലയ്ക്കൽ തോമാ മല്പാനച്ചൻ. അതെ, ആചാര്യനായ ഗുരു. ധർമ്മനിഷ്ഠകൾ വാക്കുകൊണ്ടും, പ്രത്യേകിച്ച് ചെയ്തികൊണ്ടും ആചരിച്ച് അധ്യയനം നൽകിയിരുന്ന, അഥവാ പരിശീലിപ്പിച്ചിരുന്ന ഗുരുശ്രേഷ്ഠൻ.

**ദീർഘവീക്ഷണത്തിന്റെ ഉടമ:** വി. ചാവറയച്ചൻ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന പാലയ്ക്കൽ മല്പാനച്ചന്റെ ദൈവവിജ്ഞാനദാഹം വിപുലമായിരുന്നതോടൊപ്പം, സ്വന്തം സഭയെയും സമുദായത്തെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം ദീർഘദൃഷ്ടിയോടുകൂടിയതുമായിരുന്നു. തന്റെ സഭയ്ക്കും സമുദായത്തിനും ആത്മീയവും ബൗദ്ധികവുമായ ഉണർവുണ്ടാകണമെന്ന് ആഗ്രഹിച്ച്, അതിനു നേതൃത്വം കൊടുക്കാൻ കഴിവുള്ള വൈദികരെ പരിശീലിപ്പിക്കുന്നതി



www.TheCMSIndia.org

നുവേണ്ടി സുറിയാനിക്കാരുടെയിടയിൽ ഒരു സെമിനാരി സ്ഥാപിക്കാൻ മുൻകൈയെടുത്തത് മല്പാനച്ചനാണ്. ലത്തീൻ സമുദായത്തിൽ വിദേശമിഷനറിമാർ സെമിനരികൾ സ്ഥാപിച്ചു നടത്തിയിരുന്നെങ്കിലും, സുറിയാനിക്കാരുടെയിടയിൽ മല്പാൻ സമ്പ്രദായമാണ് അന്നും നിലനിന്നിരുന്നത്. എന്നാൽ, വിദഗ്ധരായ അധ്യാപക വൈദികരും ലൈബ്രറി മുതലായ സൗകര്യങ്ങളും ഒത്തിണങ്ങിയ പാശ്ചാത്യമാതൃകയിലുള്ള സെമിനരിയിൽകൂടി മാത്രമേ കാര്യക്ഷമവും ശാസ്ത്രീയവുമായ വൈദികവിദ്യാഭ്യാസം കൊടുക്കാനാവൂ എന്ന് അദ്ദേഹം മനസ്സിലാക്കി. തന്റെ കീഴിൽ പരിശീലനം നൽകിയിരുന്ന വൈദികാർത്ഥികൾക്ക് മുൻകൂട്ടിത്തന്നെ അദ്ദേഹം സെമിനരിമാതൃകയിൽ പ്രത്യേക വസ്ത്രം നടപ്പിലാക്കി. വൈദികവസ്ത്രം അവർക്കു സമൂഹത്തിൽ കൂടുതൽ അംഗീകാരവും ബഹുമാനവും ലഭിക്കാനിടയാക്കുമെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. മാത്രമല്ല, മുകളിൽ സൂചിപ്പിച്ചതുപോലെ വൈദികാർത്ഥികളുടെ വിജ്ഞാനസാധ്യതകൾ വർദ്ധിക്കാൻ വേണ്ടി, ലത്തീൻ ഭാഷ പഠിക്കാൻ അവസരമുണ്ടാക്കുകയും, തമിഴിലും മറ്റും ലഭ്യമായിരുന്ന ഗ്രന്ഥങ്ങൾ കൊണ്ടുവന്നു തർജ്ജമ ചെയ്ത്, കൂടുതൽ അറിവു നൽകാൻ ശ്രമിക്കുകയും ചെയ്തു.

മാന്നാനത്ത് ആശ്രമം സ്ഥാപിച്ചശേഷം ഉടൻ ആരംഭിക്കണമെന്ന് അദ്ദേഹം നിഷ്ക്കർഷിച്ചത് വൈദിക പരിശീലനത്തിനുവേണ്ടിയുള്ള സെമിനരിയായിരുന്നു. ഒരു സന്ന്യാസസഭയ്ക്കേ അതുപോലുള്ള ഒരു സെമിനരി അന്നു നടത്തിക്കൊണ്ടുപോകാൻ സാധിക്കൂവെന്നും അദ്ദേഹത്തിനു ബോധ്യമായിരുന്നു. അതുകൊണ്ട്, ശാന്തവും പ്രാർത്ഥനാഭരിതവും ആയ സന്ന്യാസജീവിതക്രമത്തിനു സെമിനരിയും യുവാക്കളും മറ്റും തടസ്സമാകുമെന്ന് ആശങ്കപ്പെട്ടിരുന്ന, സുഹൃത്തായിരുന്ന പോരൂക്കര മല്പാനച്ചനെ ബോദ്ധ്യപ്പെടുത്താനും, ആ കാഴ്ചപ്പാടിനെ മറികടന്ന്, സന്ന്യാസജീവിതത്തോടൊപ്പം വൈദികപരിശീലനവും കൂടി നൽകി, സമൂഹത്തിൽ നേതൃത്വവളർച്ചയും അതുവഴി പുരോഗതിയും സാധ്യമാക്കണമെന്ന ആശയം നടപ്പാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. വൈദികനേതൃത്വത്തിനു സമൂഹത്തിലെ എല്ലാ മേഖലകളിലും പരക്കെ സ്വീകാര്യതയുണ്ടായിരുന്ന അക്കാലത്ത്, അല്പമെങ്കിലും കൂടുതൽ അറിവുണ്ടായിരുന്നത് വൈദികർക്കു മാത്രമായിരുന്ന സാഹചര്യത്തിൽ, സമൂഹത്തിന്റെ പുരോഗതി ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഇങ്ങനെയല്ലേ ചിന്തിക്കാനാവൂ.



www.TheCMSIndia.org

**സന്ന്യാസ ദർശനം:** കേരള കത്തോലിക്കരുടെയിടയിൽ സന്യാസം എന്ന ആശയം നാമ്പെടുക്കുന്നതു പാലയ്ക്കലച്ചനിലും പോരൂക്കര യച്ചനിലും ആയിരുന്നല്ലോ. (1931-ൽ സി.എം.ഐ സഭയുടെ സ്ഥാപ നത്തിന്റെ ശതാബ്ദി ആഘോഷിച്ചപ്പോൾ, പണ്ഡിതശ്രേഷ്ഠനായ ബ. പ്ളാസിഡച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കി, പ്രസിദ്ധീകരിച്ച സൂവനീറിലെ ആദ്യ ലേഖനത്തിന്റെ ശീർഷകംതന്നെ 'നമ്മുടെ സഭ യുടെ രണ്ടു സ്ഥാപകന്മാർ' എന്നാണ്.) പോരൂക്കരയച്ചൻ വിഭാവനം ചെയ്ത സന്യാസം കൂടുതൽ പ്രണിധാനാത്മകമായിരുന്നു. എന്നാൽ, പാലയ്ക്കലച്ചൻ നിദർശനം ചെയ്ത സന്ന്യാസം പ്രാർത്ഥനയിലും പ്രണിധാനത്തിലും മാത്രം ഒതുങ്ങുന്നതല്ലായിരുന്നു. മറിച്ച്, അവയിൽ നിന്ന് ആത്മീയശക്തി ആർജ്ജിച്ച്, ജനങ്ങളിലേക്കിറങ്ങിച്ചെന്ന്, അവരെ പ്രബുദ്ധരാക്കാനും വളർത്താനും വൈദികർക്കു കഴിയണമെന്ന് അദ്ദേഹം വിഭാവനം ചെയ്തു. അതിനു സാധിക്കുന്ന, ഡൊമിനിക്കൻ സഭ പോലുള്ള ഒരു സന്ന്യാസസഭ കേരളത്തിലും സ്ഥാപിക്കണമെന്ന ആഗ്രഹത്തിൽനിന്നാണ് പ്രഥമ തദ്ദേശീയ സന്ന്യാസസഭയുടെ ആരം ഭം. ഡോമിനിക്കൻ സഭാംഗങ്ങളെപ്പോലെ, ഇവരും പണ്ഡിതരായിരി ക്കണമെന്നും, സുവിശേഷപ്രബോധനം നൽകാന് കഴിവുള്ളവരായി രിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. ഈ ചിന്തകൾ അദ്ദേഹം തന്റെ ശിഷ്യന്മാരുമായി പങ്കുവയ്ക്കുകയും അവരെ പ്രചോദിപ്പിക്കുകയും തന്റെ ആഗ്രഹം സഫലമാകാൻ അവരെക്കൊണ്ടും പ്രാർത്ഥിപ്പിക്കു കയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണല്ലോ പ്രിയശിഷ്യനായ ചാവറ യച്ചൻ തന്റെ പ്രഥമ ദിവ്യബലിയിൽത്തന്നെ സന്ന്യാസസഭാസ്ഥാപന മെന്ന നിയോഗവും കൂടി ഉൾപ്പെടുത്തി പ്രാർത്ഥിച്ചത്.

വല്ല വനവാസമോ അടങ്ങിയൊതുങ്ങിയുള്ള പാർക്കലോ വഴി സ്വന്തം ആത്മരക്ഷയും മാനവരക്ഷയ്ക്കായുള്ള താപസികോർജ്ജവും ഉറപ്പു വരുത്താൻ ആഗ്രഹിച്ച പോരൂക്കര തോമാ മല്പാന്റേതിൽ നിന്നും വ്യത്യസ്തമായിരുന്നു ഈ വീക്ഷണം. എങ്കിലും, സുഹൃത്തു ക്കളായിരുന്ന അവർ തമ്മിലുള്ള ആശയവിനിമയത്തിൽനിന്ന് ഉരു ത്തിരിഞ്ഞതും സ്ഥാപിതമായതും പാലയ്ക്കൽ മല്പാനച്ചന്റെ ദർശന മനുസരിച്ചുള്ള സന്ന്യാസസമൂഹമായിരുന്നു.

ഈ സന്ന്യാസസമൂഹത്തിന്റെ ആദ്യഭവനം സ്ഥാപിക്കാൻ പോരൂ ക്കരയച്ചനോടൊപ്പം മുൻകൈയെടുക്കുന്നതും പാലയ്ക്കൽ മലപാന ച്ചൻ തന്നെയാണ്. രണ്ടുപേരുംകൂടിയാണല്ലോ അനുവാദത്തിനായി മെത്രാനെ കാണുന്നതും അദ്ദേഹത്തിൽനിന്ന് അനുവാദവും പണപിരി



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വിനായി 'ധർമ്മക്കടലാസും' വാങ്ങുന്നതും. മെത്രാന്റെതന്നെ സംഭാവനയായി 200 രൂപാ കൊടുത്തശേഷം, പ്രസ്തുത ധർമ്മക്കടലാസിന്റെ അടിയിൽ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: 'ഈ കടലാസ് ഏല്പിച്ചിരിക്കുന്ന പാലയ്ക്കൽ തോമ്മാ കത്തനാരുടെയും പോരൂക്കര തോമ്മാ കത്തനാരുടെയും കയ്യിൽ കൊടുത്ത രൂപാ.' പണം പിരിക്കാനും പിന്നീട് ആദ്യഭവനത്തിനു യോജിച്ച സ്ഥലമന്വേഷിക്കാനും പാലയ്ക്കലച്ചനും പോരൂക്കരയച്ചനുമാണു മുന്നിട്ടിറങ്ങുന്നത്. പണപിരിവിനായി കുട്ടനാട്ടിലേയ്ക്കും, കൊവേന്തയ്ക്കുവേണ്ട സ്ഥലമന്വേഷിച്ച് മുളക്കുളത്തേയ്ക്കും കടനാട്ടിപാറയിലേയ്ക്കും, വെട്ടിക്കാട്ടുമുക്കിനടുത്തുള്ള മണക്കയിലേയ്ക്കും, പോറോത്ത്, വേദഗിരി എന്നീ സ്ഥലങ്ങളിലേയ്ക്കും, കുടമാളൂർ പള്ളിക്കു കിഴക്കുള്ള പുല്ലരിക്കുന്നിലേക്കും മറ്റും പോകുന്നവരുടെ നേതൃത്വം വഹിക്കുന്നത് പാലയ്ക്കലച്ചനാണ്. പിന്നീട് സ്ഥലം വാങ്ങാൻ അനുവാദത്തിനായി അധികാരികളെ സമീപിക്കുന്നതും പാലയ്ക്കലച്ചൻ തന്നെ. കാര്യങ്ങൾ നേരിട്ട് ശരിയാക്കാൻ വേണ്ടി ചാവറയച്ചനെ സെമിനരി ഏല്പിച്ചിട്ട് അതിരമ്പുഴ, കുടമാളൂർ മുതലായ പ്രദേശങ്ങളിലെ സ്ഥലങ്ങളും, പിന്നീട് വാങ്ങാനിടയായ മാന്നാനവും കാണുന്നതിനും അനുവാദം ശരിയാക്കുന്നതിനും പോയി ഒരു മാസത്തോളം അതിരമ്പുഴ താമസിക്കുന്നതും പാലയ്ക്കലച്ചൻ തന്നെ. അങ്ങനെ സഭയുടെ ആരംഭത്തിൽ അതിനെക്കുറിച്ചുള്ള ദർശനവും, അതിനുവേണ്ട ശ്രമവും നൽകി നിറഞ്ഞു നിൽക്കുന്നതു പാലയ്ക്കൽ മല്പാനച്ചനാണ്.

പിന്നീട് അത് കർമ്മലീത്താ പാരമ്പര്യത്തിൽ എത്തിച്ചേരാനും അങ്ങനെ വളരാനും ഇടയായി എന്നതു ചരിത്രത്തിന്റെ ഗതിവിഗതികളുടെ ഫലം. എന്നാൽ, സി.എം.ഐ സഭ സ്ഥാപിതമായി നൂറ്റിയിരുപതു വർഷങ്ങൾക്കുശേഷം, 1953-ൽ സഭയെ മൂന്നു പ്രവിശ്യകളായി തിരിക്കുന്നയവസരത്തിൽ, റോമിലെ തിരുസ്സഭാധികാരികൾതന്നെ ഈ സന്യാസസഭയുടെ മൂല ലക്ഷ്യത്തിലേക്ക് അതിനെ കൂടുതൽ അടുപ്പിക്കാനുള്ള ശ്രമത്തിനു തുടക്കമിട്ടു. 1953-ലെ പൊതുസംഘത്തിൽ ഡെലഗേറ്റ് ആയി ആദ്ധ്യക്ഷ്യം വഹിച്ച ബിഷപ്പ് ബൊനവെന്തൂര തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു: 'നിങ്ങളുടെ സന്യാസസഭ കഴിഞ്ഞ 120 വർഷം ധ്യാനാത്മക ജീവിതവും ശ്ലൈഹികപ്രവർത്തനങ്ങളും കൂട്ടിയോജിപ്പിച്ചു വളർന്നു. നിങ്ങളുടെ വളരെ സഫലമായ അജപാലക ശുശ്രൂഷകൾ ശ്ലാഘനീയം തന്നെ. അവ ഒരിക്കലും ഉപേക്ഷിക്കരുത്. എന്നാൽ, അജപാലകശു



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ശ്രൂഷകൾക്കായി ആശ്രമത്തിനു പുറത്തു പ്രവർത്തിക്കുന്നവർക്ക് ആവശ്യകവും സഹായകവും ആയ നിർദ്ദേശങ്ങൾ നിങ്ങളുടെ പുതിയ നിയമസംഹിതയിൽ വ്യക്തമായി ഉണ്ടാകേണ്ടിയിരിക്കുന്നു.' ഇതൊരു വഴിത്തിരിവായിരുന്നു. ഈ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, സഭാംഗങ്ങൾ ഏകദേശം മൂന്നു പതിറ്റാണ്ട് സംഘാതമായി പ്രാർത്ഥിച്ചതിന്റെയും ചിന്തിച്ചതിന്റെയും ഫലമായി ഇന്നു സി.എം.ഐ സഭ പാലയ്ക്കൽ മല്പാനച്ചൻ ആരംഭത്തിൽതന്നെ വിഭാവനം ചെയ്ത തരത്തിൽ സുവിശേഷവത്ക്കരണത്തിനും മിഷൻപ്രവർത്തനത്തിനും മുൻതൂക്കം കൊടുക്കുന്ന സഭയായി രൂപാന്തരം ചെയ്തിരിക്കുന്നു. തത്ഫലമായി, ഇന്നത്തെ സി.എം.ഐ സഭ പോരുക്കരയുടേതിനേക്കാൾ പാലയ്ക്കൽ പിതാവ് വിഭാവനം ചെയ്തതും പിതാവിൽനിന്ന് മകനിലേക്ക് എന്നപോലെ ചാവറയിലേക്കു പ്രസരിച്ചതുമായ ജീവിത ശൈലിയെ പ്രതിബിംബിപ്പിക്കുന്നു. അങ്ങനെ പരിഗണിക്കുമ്പോൾ ഇന്നത്തെ സി.എം.ഐ സഭയുടെ കാരിസത്തിന്റെ പ്രഥമ ഉറവിടം പാലയ്ക്കൽ തോമാ മല്പാനാണ് എന്നു സമ്മതിക്കേണ്ടിവരും. ഇത് അദ്ദേഹത്തിന്റെ രണ്ടു നൂറ്റാണ്ടോളം മുമ്പേയുള്ള ക്രാന്തദർശനത്തെ ഏറെ തിളക്കമുള്ളതാക്കുന്നു. സഭാസ്ഥാപനത്തിനുശേഷം അധിക കാലമാകുന്നതിനു മുമ്പേ മല്പാനച്ചൻ ദിവംഗതനായതുകൊണ്ട്, ആ കാരിസം ചാവറ ഏറ്റെടുത്തു വളർത്തി വികസിപ്പിക്കുകയാണ് ഉണ്ടായത്.

**താപസജീവിതം:** വി. ചാവറ വിവരിക്കുന്ന മല്പാനച്ചന്റെ ജീവിതത്തിൽ വളരെ തിളങ്ങി നിൽക്കുന്ന മറ്റൊരു കാര്യം അദ്ദേഹത്തിന്റെ താപസതുല്യമായ ജീവിതമത്രെ. 'ഈ ദേഹം കുർബാന ചൊല്ലിയപ്പോൾ തുടങ്ങി (എന്നു തോന്നുന്നു) ഞങ്ങൾ പഠിപ്പാൻ ചെല്ലുമ്പോഴും അങ്ങനെതന്നെ. അതായത് ദിവസവും ഒരുനേരമായിട്ട് ഉച്ചയ്ക്കുമാത്രം ചോറുണ്ണും. വൈകിട്ട് കുറെ കഞ്ഞി. കാലത്ത് ഒന്നുമില്ല. ഇങ്ങനെ ഏറിയനാൾ. എത്രകാലമെന്നു തിട്ടമില്ല. പിന്നെ ഒരു ജ്വരം കഠിനമായിട്ടുവന്നു. അപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പ് വൈദ്യൻ ശക്തിയായി പറഞ്ഞതിനാൽ അന്നുമുതൽ കാലത്തു കഞ്ഞികുടിച്ചു തുടങ്ങി....... ഈ ദേഹം ഒരു നേരമായ ഉച്ചയ്ക്കുള്ള ചോറും ഒരു കറിയും മാത്രമേയുള്ളു. ആയതും ഒരു സാധനം തന്നെ. അതായത് ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോൾ മുതൽ ചോറും പയറു പുഴുങ്ങി നല്ല മുളകു പൊടിച്ചിട്ട് ഉലർത്തിയതും ഒരു കറിയും മോരും.' ഈ താപസ ജീവിതത്തിന്റെ തുടർച്ചയായിരുന്നു പാലയ്ക്കലച്ചനു സന്ന്യാസജീവിതം.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മുകളിൽ സൂചിപ്പിച്ചതുപോലെ സുവിശേഷവത്ക്കരണത്തിനും അജപാലകശുശ്രൂഷയ്ക്കും ഉതകുന്ന ഒരു സന്ന്യാസജീവിതശൈലിയാണ് അദ്ദേഹം വിഭാവനം ചെയ്തതെങ്കിലും, അതിന്റെ ആത്മീയമായ ഊർജ്ജസ്രോതസ്സ് പ്രാർത്ഥനയിലും തപസ്സിലും മുഴുകിയ ജീവിതമായിരിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ്, പോരൂക്കര തോമാ മല്പാനോടൊപ്പം തപസ്സുഭവനത്തെക്കുറിച്ച് പാലയ്ക്കലച്ചനും ചിന്തിച്ചത്. അങ്ങനെയാണ് അവർ തപസ്സുഭവനം തുടങ്ങാനുള്ള അനുവാദത്തിനായി സ്തബിലീനി മെത്രാനെ സമീപിക്കുന്നത്. അതേസമയം ആ തപസ്സുഭവനത്തിൽ മാത്രം ഒതുങ്ങിനിൽക്കേണ്ടതല്ല തങ്ങളുടെ ജീവിതം എന്നും അവർ ചിന്തിക്കുന്നു. അതിന്റെ പ്രതിധ്വനിയാണ് കൊവേന്തകൾ സ്ഥാപിക്കാനുള്ള മെത്രാന്റെ അനുവാദത്തിലൂടെ പുറത്തുവരുന്നത്. ചുരുക്കത്തിൽ, പാലയ്ക്കൽ മല്പാന്റെ താപസജീവിതവീക്ഷണം ദൈവജനശുശ്രൂഷയും കൂടി സമന്വയിപ്പിച്ചിട്ടുള്ളതായിരുന്നു. പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ അത് അദ്ദേഹത്തിന്റെ പ്രാർത്ഥന, ലളിതജീവിതം, പഠനം, അജപാലകശുശ്രൂഷ എന്നിവ സമന്വയിപ്പിച്ച മുൻകാല ജീവിതത്തിന്റെ തുടർച്ചയും പൂർത്തീകരണവും ആയിരുന്നുവെന്നു കാണാം.

**സമുദായ പരിഷ്കാരം:** സമുദായത്തെ കാലാനുസൃതം നവീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്യുകയെന്നതും മല്പാനച്ചന്റെ പ്രധാന താത്പര്യമായിരുന്നു. ചില ഉദാഹരണങ്ങൾകൊണ്ട് ഇതു വ്യക്തമാക്കട്ടെ. മരിച്ചവരെ വളരെ പ്രാകൃതമായ രീതിയിൽ പള്ളിക്കു ചുറ്റുമുള്ള പറമ്പിലും മറ്റും അടക്കുന്ന സമ്പ്രദായമാണ് അന്ന് ക്രിസ്ത്യാനികളുടെയിടയിൽ നിലനിന്നിരുന്നത്. അതിനുപകരം, മരിച്ചവരെ അടക്കാൻ പ്രത്യേക സ്ഥലം നിശ്ചയിക്കുകയും അതു വെഞ്ചരിച്ച് സെമിത്തേരിയായി പരിഗണിക്കുകയും ചെയ്യുന്ന സമ്പ്രദായം ആരംഭിച്ചത് പാലയ്ക്കൽ മല്പാനച്ചനാണ്. ലത്തീൻ സമുദായത്തിൽ നിലനിൽക്കുന്ന എഴുന്നൂറ്റിക്കാർ, അഞ്ഞൂറ്റിക്കാർ എന്ന വിഭാഗീയത മൂലം താഴ്ന്നസ്ഥാനക്കാരായ അഞ്ഞൂറ്റിക്കാർക്ക് തിരുപ്പട്ടം നൽകുന്നതിനു മറ്റുള്ളവർ തടസ്സം നിന്നപ്പോൾ, ദൈവതിരുമുമ്പിൽ എല്ലാവരും തുല്യരാണെന്ന തീർത്തും ആധുനികമായ ദർശനത്തോടുകൂടി, അവർക്കും വൈദികപട്ടം നൽകുന്നതിന് എതിർപ്പുകളുടെ മധ്യത്തിലും മെത്രാനോടൊപ്പം നിന്നവരിൽ പ്രധാനി പാലയ്ക്കൽ മല്പാനായിരുന്നു. ലത്തീൻ വൈദികവിദ്യാർത്ഥികൾ ളോവ



www.TheCMSIndia.org

ഉപയോഗിച്ചിരുന്നെങ്കിലും, സുറിയാനിക്കാർ അതിനുപകരം ഇന്നും യാക്കോബായക്കാർ ഉപയോഗിക്കുന്നതരത്തിലുള്ള കുപ്പായമാണ് മല്പാനച്ചന്റെ കാലത്ത് ഉപയോഗിച്ചിരുന്നത്. സമുദായത്തിനു പുറത്തുള്ളവരുടെ മുമ്പിൽ, പ്രത്യേകിച്ച് വിദേശികളുടെ ദൃഷ്ടിയിൽ വൈദികർക്കും സെമിനരിക്കാർക്കും ആദരവും അംഗീകാരവും ലഭിക്കാൻ ളോവ ആവശ്യമാണെന്നു കണ്ട് ആദ്യമായി വൈദികവസ്ത്രം ളോവയാക്കി മാറ്റാൻ മെത്രാനോടു നിർദ്ദേശിച്ചതും കല്പന നൽകാൻ ഉപകരണമായതും മല്പാനച്ചനാണ്. അതുപോലെ, കുമ്പസാരത്തിനു, പ്രത്യേകിച്ച് സ്ത്രീകളുടെ കുമ്പസാരത്തിനു കുമ്പസാരക്കൂട് നിർബന്ധമാക്കി, കുമ്പസാരമെന്ന കൂദാശയുടെ പരികർമ്മം അന്തസുറ്റതാക്കിയതും മല്പാനച്ചൻ തന്നെ.

ഇങ്ങനെ സമുദായത്തിന്റെ ആത്മീയവും സാമൂഹ്യവുമായ പുരോഗതിയ്ക്കാവശ്യമായ എല്ലാ ഘടകങ്ങളിലേക്കും തലങ്ങളിലേക്കും തിരിയുകയും ദീർഘദൃഷ്ടിയോടെ നേതൃത്വം നൽകുകയോ നൽകാൻ പ്രേരണയായിത്തീരുകയോ ചെയ്ത ബഹുമുഖ പ്രതിഭയായിരുന്നു പാലയ്ക്കൽ തോമാ മല്പാനച്ചൻ. അദ്ദേഹത്തെക്കുറിച്ച് വളരെ കൂടുതൽ വിവരങ്ങൾ നമുക്കു ലഭ്യമല്ല. എങ്കിലും, വിശുദ്ധ ചാവറയച്ചൻ പിൻതലമുറയ്ക്കുവേണ്ടി പങ്കുവച്ചിരിക്കുന്ന ജീവചരിത്രക്കുറിപ്പുകൾ അമൂല്യങ്ങൾ തന്നെ. അവ ഇന്നത്തെ ജനങ്ങൾക്കു എളുപ്പത്തിൽ മനസ്സിലാകുന്ന ലളിതമായ ആധുനിക മലയാളത്തിൽ ഇപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

ഫാ. ജോസ് കുറിയേടത്ത് സി.എം.ഐ
പ്രിയോർ
എസ്.എച്ച്. ആശ്രമം, തേവര


www.TheCMSIndia.org

# മുഖമൊഴി

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ, കേരളസഭയിൽ വൈദികപരിശീലനരംഗത്തും അജപാലനരംഗത്തും നവമാതൃക കളും നവീകരണവും കൊണ്ടുവരികയും പോരൂക്കര തോമ്മാ മല്പാനച്ചൻ, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നിവരോടു ചേർന്ന് ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസ സമൂഹമായ സി.എം.ഐ. സഭയ്ക്കു രൂപം കൊടുക്കുകയും ചെയ്ത ആചാര്യൻ പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ ജീവിതം കേരള സഭ നന്ദിയോടെ സ്മരിക്കേണ്ടതും ആവേശത്തോടെ പിന്തുടരേണ്ടതുമായ ഒന്നാണ്.

വരാപ്പുഴ വികരിയാത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുള്ള സെക്രട്ടറിയായും, റെയ്മണ്ട് റൊവീലിയാ ഒ.സി.ഡി. മെത്രാന്റേയും മറ്റ് വികാരി അപ്പസ്തോലിക്കാമാരുടേയും ആലോചനക്കാരനായും സഭാനേതൃശുശ്രൂഷയിൽ ശ്രദ്ധേയ പങ്കുവഹിച്ച പാലയ്ക്കൽ തോമ്മാ മല്പാനച്ചനെ പക്ഷേ, കാലവും സഭയും സ്മരിക്കുന്നത് വിശുദ്ധിയും വിജ്ഞാനവും സമന്വയിപ്പിച്ച ഒരു താപസജീവിതത്തിന്റെ ഉടമ യായും, ക്രാന്തദർശിയായ ഒരു വൈദിക പരിശീലകനുമായിട്ടാണ്. ഒരു പക്ഷേ, പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ ഏറ്റവും വലിയ സുകൃതം ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന ശിഷ്യനെ പള്ളി പ്പുറം മല്പാൻ സെമിനാരിയിൽ ഒരു മകനെപ്പോലെ വളർത്തുകയും ആത്മീയ അവകാശിയായി കരുതുകയും ചെയ്തുവെന്നതാണ്. ഭാരത സഭയ്ക്ക് പ്രഥമ വിശുദ്ധനെ പ്രദാനം ചെയ്യുന്നതിൽ പാലയ്ക്കല ച്ചന്റെ നിർണ്ണായക സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടുമെ ന്നതിൽ സംശയമില്ല. മഹാന്മാരെ വാർത്തെടുക്കുന്നവരാണ് ഏറ്റവും വലിയ മഹാന്മാർ എന്ന ആപ്തവാക്യത്തിന്റെ പൊരുളനുസരിച്ച്, പാലയ്ക്കലച്ചന്റെ മഹത്വം അവർണ്ണനീയവും അവിസ്മരണീയവു മാണ്.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

1831 ൽ മാന്നാനത്ത് കർമ്മലീത്താ സന്ന്യാസ ഭവനത്തിന് ആരംഭം കുറിക്കുമ്പോൾ ആചാര്യതുല്യമായ സ്ഥാനമലങ്കരിച്ചുകൊണ്ട് എല്ലാറ്റിനും നേതൃത്വം നൽകിയ മല്പാനച്ചന്റെ നേതൃത്വത്തിൽ 1833 ൽ തന്നെ അവിടെ ഒരു സെമിനാരിയും തുടങ്ങി. അത് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വൈദീക രൂപീകരണത്തിൽ ഒരു നവീന പ്രസ്ഥാനവും, അനേകം വന്ദ്യ വൈദീകരുടെയും, പഴേപറമ്പിൽ മാർ ളൂയിസ്, കണ്ടത്തിൽ മാർ അഗസ്തീനോസ് എന്നീ മെത്രാന്മാരുടേയും പിള്ളത്തൊട്ടിലുമായി. പള്ളിപ്പുറത്തു നിന്നു മാന്നാനത്തേക്കും, വാഴക്കുളത്തേക്കും, ചെത്തിപ്പുഴയിലേക്കും പടർന്ന് ബാംഗ്ലൂരിലെ ധർമ്മാരാമിൽ പന്തലിക്കുന്ന വൈദിക പരിശീലന സരണിയുടെ പ്രണേതാവായ പാലയ്ക്കലച്ചന് ചരിത്രം ഇനിയും അർഹമായ അംഗീകാരവും ആദരവും നൽകേണ്ടിയിരിക്കുന്നു.

2014 നവംബർ 23 ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഔദ്യോഗികമായി വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടു. സി.എം.ഐ. സഭയുടെ മറ്റു രണ്ടു സ്ഥാപക പിതാക്കളും - പാലയ്ക്കൽ, പോരൂക്കര തോമ്മാ മല്പാനച്ചന്മാരും, കണിയാന്തറ യാക്കോബ് സഹോദരനും തീർച്ചയായും വിശുദ്ധിയുടെ പരിമളം പരത്തിയവർ തന്നെ. അവരുടെ ഔദ്യോഗികമായ വണക്കത്തിനുവേണ്ട നടപടിക്രമങ്ങളും പഠനവും സഭാതലത്തിൽതന്നെ ആരംഭിക്കണമെന്ന് സി.എം.ഐ. സഭയുടെ 37-ാം പൊതുസംഘം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ ചുവടുപിടിച്ചുകൊണ്ട് കൊച്ചി തിരുഹൃദയ പ്രവിശ്യ പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ, വിശുദ്ധ ചാവറ കുര്യാക്കോസച്ചനാൽ വിരചിതമായ ജീവചരിത്രം, ആധുനിക മലയാളത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. ഇതിന് നേതൃത്വം നൽകിയ പ്രൊവിഷ്യൽ ബ. ജോസ് ക്ലീറ്റസ് പ്ലാക്കൽ അച്ചനെയും മറ്റെല്ലാവരെയും, വിശിഷ്യാ, ഈ ഭാഷാ നവീകരണ ഉദ്യമം മനോഹരമായി നിർവ്വഹിച്ച ശ്രീ ഷാജി മാലിപ്പാറയേയും സി.എം.ഐ. സഭയുടെ നാമത്തിൽ അനുമോദിക്കുന്നു.

സന്ന്യാസ-പൗരോഹിത്യ ദർശനങ്ങളുടെ കാലോചിതമായ ആവിഷ്കാരം കൊണ്ടും താപസോചിതമായ ജീവിതമാതൃക കൊണ്ടും കേരളസഭയെ ധന്യമാക്കിയ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ അനേകരുടെ മനസ്സുകളിൽ ചിരപ്രതിഷ്ഠ നേടാൻ ഈ ഗ്രന്ഥം ഇടയാക്കട്ടെ.

വെരി. റവ. ഫാ. പോൾ ആച്ചാണ്ടി സി.എം.ഐ.
പ്രിയോർ ജനറാൾ, ചാവറ ഹിൽസ്, കാക്കനാട്



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# അവതാരിക

സി. എം. ഐ. സഭയുടെ മൂന്ന് സ്ഥാപകപിതാക്കളും പുണ്യാത്മാക്കളായിരുന്നുവെന്നത് സുവിദിതമായ സത്യമാണല്ലോ. ഏറ്റവും ഇളയവനായ കുര്യാക്കോസ് ചാവറ ഏറ്റവും കൂടുതൽ കാലം ഏറെ ക്ലേശമനുഭവിച്ച് സഭയെ നയിച്ച വ്യക്തിയാണ്. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ സംപ്രീതനായ പിതാവ് വിശുദ്ധനാണെന്ന് തിരുസഭ ഔദ്യോഗികമായി സാക്ഷ്യപ്പെടുത്തി. നവംബർ 23, 2014 ന് വത്തിക്കാനിലെ വി. പത്രോസിന്റെ ചത്വരത്തിൽവച്ച് സി. എം. ഐ., സി. എം. സി. സന്ന്യാസ സമൂഹങ്ങളും ഭാരത സഭയും അഭിമാനത്തോടെ, ചാരിതാർഥ്യത്തോടെ, ഭക്തിയോടെ ആ ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചു.

ഇനിയും തുടരേണ്ട ചരിത്രപരമായ ദൗത്യത്തെക്കുറിച്ച് സി.എം. ഐ. സഭയുടെ മുപ്പത്തിയേഴാമത് പൊതുസംഘം സഭാംഗങ്ങളെ ഓർമ്മപ്പെടുത്തുന്നുണ്ട്. സഭാസ്ഥാപകനായ പാലയ്ക്കൽ തോമസ്, പോരൂക്കര തോമസ്, കണിയാന്തറ യാക്കോബ് എന്നിവരേയും പുണ്യാത്മാക്കളായി അതതു സ്ഥലങ്ങളിൽ വണങ്ങപ്പെടുന്ന മറ്റു സഭാംഗങ്ങളെയും വിശുദ്ധരായി നാമകരണം ചെയ്യുന്നതിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി അവരെക്കുറിച്ചുള്ള പഠനങ്ങൾ ആരംഭിക്കുന്ന കാര്യം ജനറൽ കൗൺസിലിനെ ഈ പൊതുസംഘം ചുമതലപ്പെടുത്തുന്നു' (GS 37 General Resolutions No. 12)

സാമിപ്യം കൊണ്ടും സമ്പർക്കംകൊണ്ടും പാലയ്ക്കൽ മൽപാനോട് കൂടുതൽ അടുപ്പവും ബന്ധവും സി. എം. ഐ. തിരുഹൃദയ പ്രവ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ശ്യക്കുണ്ട്. സഭയ്ക്കും സമുദായത്തിനുംവേണ്ടി അത്യധ്വാനം ചെയ്ത ഈ മഹർഷിവര്യനെ നമുക്ക് മറക്കാനാവില്ല. 'ഒരു വിശുദ്ധനെ രൂപപ്പെടുത്തിയ മറ്റൊരു വിശുദ്ധൻ' എന്ന് അദ്ദേഹത്തെക്കുറിച്ച് നിസംശയം പറയാം. മൽപാനച്ചനെ ലോകത്തിനു പരിചയപ്പെടുത്താൻ സമയമായി. അതിനുള്ളൊരു ഉപാധിയാണ് വിശുദ്ധ കുര്യാക്കോസ് ചാവറ എഴുതിയ മൽപാന്റെ ജീവചരിത്രം. 'പുണ്യചരിതനായ പാലയ്ക്കൽ തോമാ മൽപാൻ' എന്ന ശീർഷകത്തിൽ അത് പുനർപ്രസിദ്ധീകരിക്കുകയാണ്.

പുണ്യചരിതനായ പാലയ്ക്കൽ മൽപാനച്ചന്റെ ജീവചരിത്രം എഴുതിയത് പ്രേഷ്ഠ ശിഷ്യനായ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ തന്നെയാണെന്നത് സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു. മൽപാനച്ചൻ കാലം ചെയ്ത് അധികം കഴിയുന്നതിന് മുമ്പ് തന്നെ ഈ ജീവചരിത്രം വിരചിതമായി. വസ്തുനിഷ്ഠവും സത്യസന്ധവുമായ വിവരണത്തിന് ഇത് സഹായകമായി. സഭാസംബന്ധിയായി വളരെ വിലപ്പെട്ട ഒരു ചരിത്ര രേഖ കൂടിയാണ് ഈ ലഘുജീവചരിത്രം. ഗുരുവന്ദനമായി പ്രേഷ്ഠ ശിഷ്യൻ വാത്സല്യത്തോടെ ഗുരുവിനർപ്പിക്കുന്ന പ്രണാമമാണ് ഈ ജീവചരിത്രം. മുഖസ്തുതിയുടെ ലവലേശമില്ലാതെ വസ്തുനിഷ്ഠമായ കഥാകഥനമാണ് ശിഷ്യൻ നടത്തിയിരിക്കുന്നതെന്നത് സുവിദിതമാണ്.

ശിഷ്യനായ കൊച്ചുകുര്യാക്കോസിന്റെ ശാരീരികവും മാനസികവും ആത്മീയവുമായ എല്ലാ കാര്യങ്ങളിലും നിരന്തരവും നിർണ്ണായകവുമായ ഇടപെടലുകൾ നടത്തിയ വ്യക്തിയാണ് മല്പാൻ പാലയ്ക്കൽ. അതിലുപരി സന്യാസ ജീവിത ദർശനവും ദിശാബോധവും നൽകി കൊച്ചുകുര്യാക്കോസിനെ വളർത്തിവലുതാക്കിയതിൽ പ്രധാന പങ്ക് മല്പാന്റേതാണ്. താപസ്സ ജീവിതശീലുകളും വിജ്ഞാനതരയും തിരുസഭാ സേവന തീക്ഷ്ണതയും ഗുരുമുഖത്തുനിന്നു തന്നെയല്ലേ കുര്യാക്കോസ് എന്ന സെമിനാരി വിദ്യാർത്ഥി പഠിച്ചെടുത്തത്? ഗുരു നൽകിയ ഈ പ്രചോദനമല്ലേ പട്ടമേൽക്കുന്ന മുഹൂർത്തത്തിൽ സന്യാസ സമൂഹമെന്ന സ്വപ്നസാക്ഷാത്ക്കാരത്തിനായി നിയോഗംവച്ച് പ്രാർത്ഥിക്കാൻ കുര്യാക്കോസ് എന്ന നവവൈദീകനെ പ്രേരിപ്പിച്ചത്? ഇങ്ങനെ ചിന്തിക്കുമ്പോൾ തോമാമൽപാന്റെ മനസ്സിലുദിച്ചതല്ലേ മാന്നാനത്തെ പുല്ലരിക്കുന്നിൽ വിതച്ചതും കിളിർത്തതും? വളർത്താൻ നിയുക്തനായത് ശിഷ്യനായ കുര്യാക്കോസ് ആയിരുന്നല്ലോ. അത് ആകസ്മികമായിരുന്നില്ല എന്ന് നമുക്കറിയാം. കൊച്ചുകുര്യാക്കോസിനെ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വലിയ സഭാസ്നേഹിയും താപസ്സനും പണ്ഡിതനും അജപാലക ശ്രേഷ്ഠനും സമുദായ സമുദ്ധാരകനും ഒക്കെ ആക്കുന്നതിൽ പ്ര ധാന പങ്കുവഹിച്ച വിശുദ്ധനായ ഈ ഗുരുവിനെ അനുസ്മരിക്കാൻ അടുത്തറിയാൻ ആദരിക്കാൻ സമയമായി. അതിനുള്ള ആരംഭമാ കട്ടെ ഈ ജീവചരിത്രം. ഒരു വിശുദ്ധനെ വളർത്തി രൂപപ്പെടുത്തിയ മറ്റൊരു വശുദ്ധനെ നമുക്ക് പരിചയപ്പെടാം.

ഗുരുവന്ദനം എന്ന ഈ സമസ്യയിൽ സഹർഷം പങ്കുചേരുന്ന അദ്ധ്യാപകൻ ഷാജി മാലിപ്പാറ പരാവർത്തനം ചെയ്തതാണീ ലഘു ഗ്രന്ഥം. ലളിതമലയാളത്തിൽ സാമാന്യം ദീർഘമായ ഒരു ആമുഖം എഴുതി മൽപാന്റെ ബഹുമുഖ പ്രതിഭയെ അനുവാചകരുടെ ശ്രദ്ധയിൽ പ്പെടുത്താൻ ഫാ. ജോസ് കുറിയേടത്ത് സി. എം. ഐ. ശ്രമിച്ചിട്ടുണ്ട്. ചിത്രാവിഷ്കാരങ്ങൾ ആർട്ടിസ്റ്റ് മനോജ് സാറിന്റേതാണ്. ഈ ലഘു ഗ്രന്ഥത്തിന്റെ പ്രസാധനം ഏറ്റെടുത്തത് ഡോൺ ബോസ്കോ ഇഗാക്ട് പ്രസ്സ് ആണ്. ഇതിന്റെ അക്ഷരവിന്യാസം നടത്തിയത് ഡീക്കൻ ബിജോ സി. എം. ഐ. എല്ലാവർക്കും നന്ദിയുടെ കൂപ്പുകൈ. ഗുരു പ്രണാമമായി പ്രിയ ശിഷ്യൻ വരച്ചുകാണിക്കുന്ന ഗുരുരൂപം അനു വാചകരുടെ മനസ്സിൽ ആഴത്തിൽ പതിയട്ടെ എന്നതാണ് എന്റെ പ്രാർത്ഥന.

ഈ ലഘുഗ്രന്ഥത്തിന് മുഖമൊഴി എഴുതിയത് സി.എം.ഐ സഭ യുടെ ജനറാൾ പെ. ബ. പോൾ ആച്ചാണ്ടി അച്ചനാണ്.


ജനു. 16, 2016

മല്പാനച്ചന്റെ 175-ാം ചരമവാർഷികദിനം

ഫാ. ജോസ് ക്ലീറ്റസ് പ്ലാക്കൽ സി. എം. ഐ.
പ്രൊവിൻഷ്യൽ
എസ്. എച്ച്. പ്രൊവിൻസ്
രാജഗിരി, കൊച്ചി



www.TheCMSIndia.org



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പുണ്യചരിതനായ പാലയ്ക്കൽ തോമ്മാ മൽപാൻ

തെക്കൻ പള്ളിപ്പുറം എന്ന സ്ഥലത്ത് പള്ളിയുടെ കിഴക്കേ അങ്ങാടിയിൽ വടക്കുഭാഗത്തുള്ള പാലയ്ക്കൽ എന്ന തറവാടാണ് തോമ്മാ മൽപാൻ ജനിച്ച ഭവനം. ഇദ്ദേഹത്തിന്റെ വല്യപ്പൻ ഗീവർഗ്ഗീസ് പട്ടക്കാരൻ, ഇളയപ്പൻ മാത്തുക്കത്തനാർ എന്നിങ്ങനെ രണ്ടു വൈദികർ ഉണ്ടായിരുന്നു. ഇവരിൽ മാത്തുക്കത്തനാരുടെ ജ്യേഷ്ഠനാണു തോമ്മാ മൽപാന്റെ പിതാവ്. കല്ലൂർക്കാട് ഇടവകയിൽ പള്ളിയുടെ തെക്കേ അങ്ങാടിയിൽ പുത്തൻപുരയ്ക്കൽ എന്നു പേരുള്ള വീട്ടിലെ അംഗമാണ് അമ്മ.

തോമ്മാ മൽപാന്റെ തറവാട്ടുകാർ ഒരുവിധം സമ്പത്തും സൽപ്പേരും ഉള്ളവരാണ്. ഇദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് കൊല്ലവർഷം 965-ാം ആണ്ട്, ആ നാട്ടിൽ വലിയ ദാരിദ്ര്യവും വസൂരിയെന്ന പകർച്ചവ്യാധിയും ഉണ്ടായി. തൽഫലമായി കഴിവുറ്റ കാരണവൻമാർ പലരും മരിച്ചുപോയി. മറ്റു ചില ആപത്തുകളും ഉണ്ടായി. സമ്പത്തും വസ്തുവകകളും നഷ്ടപ്പെട്ട് കുടുംബം ഞെരുക്കത്തിലായി. ഈ പകർച്ചവ്യാധിയിൽ അപ്പൻ മരിച്ചു. ജ്യേഷ്ഠനാകട്ടെ സാമർത്ഥ്യം കുറഞ്ഞവനും ചെറുപ്പവുമായിരുന്നു. അമ്മയാണു രണ്ടു പെൺമക്കളെയും രണ്ടു ആൺമക്കളെയും ഏറെ ബുദ്ധിമുട്ടി വളർത്തിക്കൊണ്ടുവന്നത്. അമ്മയ്ക്ക് അനുജത്തിയുടെ സഹായം ലഭിച്ചുവെങ്കിലും വലിയ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കഷ്ടപ്പാടുകൾ നേരിടേണ്ടിവന്നു. അക്കാലത്തെ ഭക്തസ്ത്രീകളിൽ വച്ച് അധികം ഭക്തിയുള്ളവളായിരുന്നു ഈ അമ്മ.

അക്കാലത്ത് മേൽപ്പറഞ്ഞതുപോലെ പട്ടിണിയും പകർച്ച വ്യാധിയും ഉണ്ടായതിനുപുറമേ വടക്കൻ പ്രദേശങ്ങളിൽ ടിപ്പു സുൽത്താൻ എന്ന മുസ്ലീം രാജാവിന്റെ സൈന്യം വന്ന് പള്ളികളും പട്ടണങ്ങളും നശിപ്പിച്ചു. കാണുന്നവരെയാക്കെ പിടിച്ച് ബലമായി ഇസ്ലാം മതത്തിൽ ചേർക്കുകയും ചെയ്തു. അങ്ങനെ ഒത്തിരി ആളുകൾ ആ പ്രദേശങ്ങളിൽനിന്ന് ഓടിപ്പോരാൻ ഇടയായി. അതോടുകൂടി കുത്തിയതോട്ടിൽ തച്ചിൽ മാത്തു തരകനും അദ്ദേഹത്തിന്റെ അനുജൻ അബ്രാഹം മൽപാനച്ചനും അദ്ദേഹത്തോടൊപ്പം പഠിച്ചിരുന്ന ശെമ്മാശ്ശന്മാരും വന്ന് പള്ളിപ്പുറത്ത് താമസമാക്കി. അവിടെ മൽപാനച്ചൻ അവരെ പഠിപ്പിക്കുകയും ചെയ്തു പോന്നു.

അപ്പോഴാണു പാലയ്ക്കൽ തോമ്മായെ, ആഗ്രഹവും അപേക്ഷയും കണക്കിലെടുത്ത്, സെമിനാരിയിൽ ചേർത്തു പഠിപ്പിക്കാൻ തുടങ്ങിയത്. അക്കാലത്തെ രീതിയനുസരിച്ച് വീട്ടിൽ അമ്മ നൽകുന്ന ഭക്ഷണം കഴിച്ച്, മറ്റുള്ളവരോടൊപ്പം മല്പാന്റെയടുക്കൽ ചെന്നു പഠിക്കുകയാണു ചെയ്തിരുന്നത്. ഇങ്ങനെ ദൈവസഹായത്താൽ പഠനം പൂർത്തിയാക്കി അദ്ദേഹം പട്ടം സ്വീകരിക്കുകയും ചെയ്തു.

അനന്തരം (വൈദികശുശ്രൂഷ ചെയ്തു കൊണ്ടിരിക്കുമ്പോൾ) 1808-ൽ പള്ളിപ്പുറം ഇടവകക്കാരനായ മംഗലത്തു ചാണ്ടി എന്ന ഒരു യുവാവിനെ പഠിപ്പിക്കണമെന്ന് അയാളുടെ വല്യപ്പനായ പള്ളിവികാരി (പാലയ്ക്കൽ തോമ്മാ കത്തനാരോട്) ആവശ്യപ്പെട്ടു. അദ്ദേഹം ഒരു ബന്ധുവായിരുന്നുവെങ്കിലും, ആയിടയ്ക്ക് കുറെ ഉപദ്രവങ്ങൾ ചെയ്ത് അദ്ദേഹത്തെ സങ്കടപ്പെടുത്തിയിരുന്നു. എങ്കിലും 'ഉപദ്രവിച്ചവന് ഉപകാരം ചെയ്യണം, ദ്വേഷിച്ചവനെ സ്നേഹിക്കണം' എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തതനുസരിച്ച്, അദ്ദേഹം സമ്മതിക്കുകയും അയാളെ സുറിയാനി പഠിപ്പിക്കാൻ തുടങ്ങുകയും ചെയ്തു.

അക്കാലത്ത് വടയാറ്റു പള്ളിയിൽ പാറേമ്മാക്കൽ മാത്തൻ മൽപാൻ പഠിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ വൈക്കം പള്ളി ഇടവകക്കാരൻ പഴേകടവിൽ യൗസേപ്പ്, കടുത്തുരുത്തി പള്ളി ഇടവകക്കാരായ മുട്ടത്തിൽ കുര്യൻ, എരണയ്ക്കൽ കുരുവിള, മുട്ടുചിറപ്പള്ളി ഇടവകക്കാരൻ പറമ്പിൽ പൗലോസ് എന്ന നാലു യുവാക്കൾ പഠിച്ചിരുന്നു. അപ്പോഴാണു തലയോലപ്പറമ്പിൽ ഒരു കുരിശുപള്ളി വയ്ക്കു



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ന്നതിനു മലപ്പുറത്ത് ഇട്ടൻ കത്തനാരച്ചൻ ശ്രമം തുടങ്ങിയത്. എന്നാൽ വടയാറ്റു മൽപാനച്ചൻ ആ സ്ഥലം തന്റെ ഇടവകയ്ക്കു ലഭിക്കേണ്ട താണെന്നും തനിക്കു പള്ളി പണിയണമെന്നും വാദിച്ച് സർക്കാരിൽ പരാതി നൽകി. ഈ വഴക്കിനെപ്പറ്റി ഇട്ടൻ കത്തനാരച്ചൻ (മിഷനറി യായ) പ്രോസ്പർ മൂപ്പച്ചനോടു സംസാരിച്ചു. നമ്മുടെ രൂപതയിലുള്ള വർ നമ്മുടെ രൂപതയിൽത്തന്നെ പഠിക്കാതെ പട്ടം കൊടുക്കുകയില്ല, അതിനാൽ വടയാറ്റുപള്ളിയിൽ പഠിക്കുന്ന നാലുപേരും അവിടെ നിന്നു മാറി പള്ളിപ്പുറത്ത് പാലയ്ക്കൽ തോമ്മാ കത്തനാരോടുകൂടെ താമസിച്ചു പഠിക്കണം, അവരെ പഠിപ്പിച്ചുകൊള്ളണം, എന്നൊരു കല്പന വാങ്ങി ഇട്ടൻ കത്തനാരച്ചൻ ആ നാലുപേരെയും പള്ളിപ്പുറ ത്തേക്കു കൊണ്ടുവന്നു.

ആ വർഷംതന്നെ എന്റെ പതിനൊന്നാം വയസ്സിൽ, സെമിനാരി യിൽ ചേർന്നു പഠിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടായി. പക്ഷെ കാരണവന്മാരായ അപ്പനും അമ്മയ്ക്കും താത്പര്യമില്ലായിരുന്നു. എങ്കിലും അമ്മാവനായ തോപ്പിൽ ഗീവർഗ്ഗീസ് കത്തനാരച്ചന്റെ അപ്പനും എന്റെ ഇളയപ്പനും താത്പര്യം കാണിച്ചു. തോമ്മാ കത്തനാര ച്ചന്റെ ഇളയമ്മയുടെ മകനും ശിപാർശ ചെയ്തു. ഒടുവിൽ മാതാപിതാ ക്കളും സമ്മതിച്ചു പറഞ്ഞതിനാൽ എന്നെ സെമിനാരിയിൽ ചേർത്തു.

അതിനുശേഷം കോയിൽമുക്കു പള്ളി ഇടവകക്കാരനായ ഉരാൻമേൽ ചാണ്ടിപ്പിള്ള ശെമ്മാശ്ശനും വന്നുചേർന്നു. വരാപ്പുഴ സെമിനാരിയിൽ മൽപാനായി പഠിപ്പിച്ചിരുന്ന ഞാറയ്ക്കൽ പള്ളി ഇട വകക്കാരൻ മാളിയേക്കൽ ചെറിയാൻ മാത്തുക്കത്തനാരോടൊപ്പം നിന്നു പഠിക്കുകയായിരുന്നു ഈ ശെമ്മാശ്ശൻ. കടുത്തുരുത്തി പള്ളി യിൽ താപസിയായി താമസിച്ച് പുണ്യഭാഷണം നടത്തിവന്ന പീലി പ്പോസ് എന്നൊരാൾ ഉണ്ടായിരുന്നു. നാൽപ്പതു വയസ്സായ ഇദ്ദേഹം കുറവിലങ്ങാടു പള്ളി ഇടവകക്കാരനാണ്. പട്ടമേൽക്കണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം അറിഞ്ഞ കടുത്തുരുത്തി ഇടവകാംഗ മായ നിലപ്പന കുഞ്ഞുവറീതുമാപ്പിള അതിനുള്ള ചെലവു വഹി ച്ചുകൊള്ളാമെന്നു സമ്മതിച്ചു. ഇരുവരുംകൂടി പള്ളിപ്പുറത്തുവന്ന് മൽപാനച്ചനോട് അപേക്ഷിച്ചു. പ്രായം കൂടിയ ആളായതിനാൽ മറ്റു വിദ്യാർത്ഥികൾക്കു സദുപദേശം നൽകാനും മാതൃകയാകാനും തന്നായിരിക്കും എന്നു കരുതി അദ്ദേഹം പീലിപ്പോസിനെ സ്വീകരിച്ചു. ഇതുപോലെ മറ്റ് ഇടവകകളിൽനിന്നും സെമിനാരികളിൽനിന്നും ഓരോരുത്തർ വന്നുചേർന്നു.



www.TheCMSIndia.org

ഇക്കാലത്ത് വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിരുന്ന അഭിവന്ദ്യ റെയ്മണ്ട് സൂറിയ മെത്രാൻ കാലം ചെയ്തു. ഈ അടിയന്തിര സാഹചര്യത്തിൽ (നേതൃത്വം നൽകാൻ വേണ്ടി), ബോംബേ, മുഗൾ, മുകിൽ എന്നി പ്രദേശങ്ങളുടെ വികാരി അപ്പസ്തോലിക്ക ആയ പത്രോസ് ദെൽക്കാന്തര മെത്രാൻ വരാപ്പുഴയിലെത്തി. പ്രാർത്ഥനയിലും പുണ്യത്തിലും പേരുകേട്ടയാളായിരന്നു ഈ മെത്രാനച്ചൻ. അദ്ദേഹത്തോട് അപേക്ഷിച്ചതനുസരിച്ച് മേൽസൂചിപ്പിച്ച നാലു ശെമ്മാശ്ശന്മാർക്കും പീലിപ്പോസിനും സുറിയാനിക്കാരുടെയിടയിൽ അതുവരെയുണ്ടായിരുന്ന ക്രമമനുസരിച്ച് പട്ടം കൊടുത്തു. സുറിയാനിക്കാർക്കു പട്ടം കൊടുക്കുമ്പോൾ ആസ്തപ്പാടുപട്ടവും നാലു പട്ടങ്ങളും ഒന്നിച്ച് ഒറ്റ ദിവസമോ, അല്ലെങ്കിൽ ഒരിക്കൽ ആസ്തപ്പാടു പട്ടവും പിന്നെ നാലുപട്ടങ്ങളും ഒരുമിച്ചോ കൊടുക്കുകയെന്നതായിരുന്നു പതിവുള്ള ക്രമം. അല്ലാതെ ചെറിയ പട്ടങ്ങൾ ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നിങ്ങനെ വേർതിരിച്ചുകൊടുക്കാറില്ല.

മറ്റുള്ള സെമിനാരികളിൽ ശെമ്മാശ്ശന്മാർക്കു പുത്തൻകുർബ്ബാന ചൊല്ലുന്നതുവരെ സ്വന്തമായി ളോവ ഉണ്ടാകുന്ന പതിവില്ല. എന്നാൽ, തിരുനാൾ, ചാവടിയന്തിരം, പുലയടിയന്തിരം തുടങ്ങിയ കാര്യങ്ങൾക്കു ദൽമത്തിയും കാപ്പയും ധരിക്കേണ്ടിവരുമ്പോൾ ആ പള്ളിയിലെ മറ്റു വൈദീകർക്കു കുർബാന ചൊല്ലുവാനായി ഉണ്ടാക്കി വച്ചിരിക്കുന്ന ളോവകൾ വാങ്ങി ധരിച്ച് മേൽപ്പറഞ്ഞ ശുശ്രൂഷകൾ നടത്തിയിരുന്നു. എന്നാൽ, തോമ്മാ മൽപാനച്ചൻ വരാപ്പുഴ സെമിനാരിയിലെ ചെറിയാൻ മാത്തു മൽപ്പാനച്ചനെ പറഞ്ഞു സമ്മതിപ്പിച്ചതിനാൽ അദ്ദേഹവും അവിടെ പഠിക്കുന്ന ശെമ്മാശ്ശന്മാരും വെള്ള നിറത്തിലുള്ള ളോവ ഉണ്ടാക്കി ധരിച്ചിരുന്നു. ഇതിന്റെ കാരണം ഇദ്ദേഹത്തിന്റെ നാവിൽനിന്നുതന്നെ ഞാൻ കേട്ടതാണ്. അത് ഇപ്രകാര



www.TheCMSIndia.org



മാണ്. വരാപ്പുഴ സെമിനരിയിൽ ലത്തീൻകാർ കറുത്ത നിറത്തിലുള്ള ളോവ ധരിക്കുന്നു. സുറിയാനിക്കാർ പൂർവ്വികരെപ്പോലെ, നല്ല വീതിയുള്ള കാലുറയും, മുട്ടുകഴിഞ്ഞ് ആറ് ഇഞ്ചോളം താഴ്ന്നു കിടക്കുന്നതും കാലുറപോലെതന്നെ നല്ല വീതിയും കൈപ്പത്തിവരെ നീളവും ഉള്ള കൈകളുള്ളതും ആറ് ഇഞ്ചോളം വീതിയിൽ പുറകോട്ടു മടക്കിയിട്ട കോളർ പോലുള്ള കഴുത്തുള്ളതും ആയ മേൽവസ്ത്രവും, വയറുവരെ നീണ്ടുകിടക്കുന്ന കൊന്തയും, തോളിൽ നല്ല നാടൻ മുണ്ടും ധരിച്ചാണ് ശെമ്മാശ്ശന്മാരും വൈദികരും എപ്പോഴും എല്ലായിടത്തും നടന്നിരുന്നത്.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



അങ്ങനെതന്നെയാണു വൈദികമേലദ്ധ്യക്ഷന്മാരുടെ മുമ്പിലും പോയിരുന്നത്. ഇങ്ങനെയിരിക്കുമ്പോൾ, ഒരു വിദേശ മിഷനറി യൂറോപ്പിൽനിന്നു വരാപ്പുഴ വന്നിറങ്ങിയപ്പേൾ ലത്തീൻകാരും സുറിയാനിക്കാരും കൂടി വരാപ്പുഴ കടവിൽ ചെന്നു. അദ്ദേഹം കരയ്ക്കിറങ്ങിയ ഉടൻ ലത്തീൻകാരെ കണ്ടു വൈദികരെന്നു തിരിച്ചറിഞ്ഞ് ഉചിതമായ ഉപചാരം കാണിച്ചു. സുറിയാനിക്കാരെ കണ്ടെങ്കിലും, അത്മായരെന്നു കരുതി യാതൊരു പ്രത്യേക ബഹുമാനവും പ്രകടിപ്പിച്ചില്ല. ഇതിനുശേഷം, ബഹുമാനപ്പെട്ട തോമ്മാ മൽപാനച്ചൻ മേല്പറഞ്ഞ മാത്തു മല്പാനച്ചനോട് ഉപദേശരൂപേണ ഇങ്ങനെ പറഞ്ഞു: 'ഈ വേഷത്തിൽ നടക്കുന്നത് വൈദീകർക്ക് ഒട്ടും ചേരാത്തതു കൊണ്ടല്ലേ മൂപ്പച്ചൻ (വിദേശ മിഷനറി) നമ്മെ അറിയാതെ പോയതും ബഹുമാനിക്കാതിരുന്നതും. അതിനാൽ ഇനിയെങ്കിലും ളോവ ധരിച്ചു നടക്കണം. അതിന് അച്ചൻ തയ്യാറായാൽ കാര്യങ്ങളൊക്കെ ഞാൻ ഉത്സാഹത്തോടെ ചെയ്തുകൊള്ളാം.'



www.TheCMSIndia.org

അപ്പോൾ, ലത്തീൻകാരെപ്പോലെ കറുത്ത ളോവ ധരിച്ചുനടക്കാൻ കഴിയില്ലെന്ന് മാത്തു മൽപാൻ മറുപടി നൽകി. എന്നാൽ കറുപ്പു വേണ്ട, വെള്ള മതിയെന്ന് തോമ്മാ മൽപാൻ പറഞ്ഞത് അദ്ദേഹം സമ്മതിച്ചു. ഉടൻതന്നെ തോമ്മാ മൽപാനും പീച്ചി പൗലോസച്ചനും കൂടി കൊച്ചിയിൽപ്പോയി കുറെ വെള്ളത്തുണി വാങ്ങി. മൽപാനച്ചനും ശെമ്മാശ്ശന്മാർക്കും വരാപ്പുഴയിൽ താമസിച്ചിരുന്ന വൈദികർക്കും വെളുത്ത ളോവ തയ്പിച്ചു കൊടുക്കുകയും ചെയ്തു. ഇനിമുതൽ വരാപ്പുഴയിൽ പോകുമ്പോൾ ളോവ ഇട്ടുകൊണ്ടേ മെത്രാനച്ചന്റെ മുമ്പിൽ ചെന്നു നിൽക്കാവൂ എന്നൊരു തീരുമാനവും ഉണ്ടായി. അങ്ങനെ അന്നു മുതൽ ശെമ്മാശ്ശന്മാർ ളോവ തയ്പിക്കണം എന്ന പതിവു നിലവിൽ വന്നു.

ഈ രീതി നിലവിൽ വന്നതുകൊണ്ട്, അപ്പൊഴുണ്ടായിരുന്ന ശെമ്മാശ്ശന്മാർ ളോവയും സൂർപ്ളേസും ഉണ്ടായതിനു ശേഷമാണു പട്ടം സ്വീകരിച്ചത്. അന്നുവരെ പള്ളികളിൽ രണ്ടുമൂന്നു സൂർപ്ലേസുകൾ പള്ളിവകയായി ഉണ്ടായിരിക്കും, അവ മറ്റു തിരുവസ്ത്രങ്ങൾ പോലെ തന്നെ പള്ളിയിൽ സൂക്ഷിക്കുകയല്ലാതെ ഓരോരുത്തർക്കും സ്വന്തമായി ഇല്ലായിരുന്നു. വട്ടത്തിൽ വെട്ടി നടുവിൽ കഴുത്തിലിടുവാൻ പാകത്തിൽ വെട്ടിയുണ്ടാക്കുന്ന തിരുവസ്ത്രങ്ങളായിരുന്നു സൂർപ്ലേസുകൾ. ഇവയും വൈദികർക്കു സ്വന്തമായി സൂർപ്ലേസ് വേണമെന്നും അതു കയ്യുള്ളതായിരിക്കണമെന്നും മൽപാനച്ചൻ പറഞ്ഞു. അങ്ങനെ ഈ ശെമ്മാശ്ശൻമാർക്കും പിന്നീടു പട്ടം സ്വീകരിച്ചവർക്കും സൂർപ്ലേസ് ഉണ്ടാക്കി. പിന്നീട്, ഓരോരുത്തരായി ഉണ്ടാക്കുവാൻ തുടങ്ങി. എങ്കിലും ഇപ്പോഴും എല്ലാവർക്കും ഉണ്ടായിട്ടില്ല.

ഈ ശെമ്മാശ്ശന്മാരും നേരത്തേ പറഞ്ഞ കോയിൽമുക്കുകാരൻ ചാണ്ടപ്പിള്ള ശെമ്മാശ്ശനും വേറെ ചിലരുംകൂടി സെമിനാരിയിൽ വന്നുചേർന്നപ്പോൾ മൽപാനച്ചൻ സെമിനാരിയിൽ ഒരു നിയമാവലി എഴുതിയുണ്ടാക്കി. ഇതിനു പന്ത്രണ്ടു വകുപ്പുകളുണ്ടായിരുന്നു. നിയമാവലി ഒരു ഫലകത്തിൽ പതിച്ച് പഠനസ്ഥലത്തു വച്ചു.

പള്ളിയുടെ വടക്കുവശത്തുള്ള വരാന്തയുടെ കിഴക്കേ അറ്റത്തൊരു മുറിയുണ്ട്. അതിലാണു മൽപാനച്ചൻ താമസിച്ചിരുന്നത്. ആ വരാന്തയുടെ പടിഞ്ഞാറെ അറ്റത്തായി ചെറിയൊരു മുറിയും നടുവിൽ നീളമുള്ള ഒരു വരാന്തയും ഉണ്ട്. ഈ വരാന്തയാണ് സെമിനാരി ആക്കിയത്. അവിടെ ഇരുവശത്തുമായി മരം കൊണ്ടുള്ള ബഞ്ചുകളും നടുവിൽ ഒരു മേശയും സ്ഥാപിച്ചു. ബഞ്ചിൽ ശെമ്മാശ്ശന്മാർ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഇരിക്കും. ഞങ്ങൾ ആവശ്യത്തിനു മാത്രമേ അവിടെ നിന്നു പുറത്തു പോയിരുന്നുള്ളു. മറ്റുനേരങ്ങളിൽ അവിടെത്തന്നെ ഇരുന്നു പഠിക്കും.

അഞ്ചുമണിക്ക് പുറത്തിറങ്ങി നടക്കുക പതിവായിരുന്നു. ഉച്ചഭക്ഷണം കഴിഞ്ഞാൽ കുറച്ചുനേരം മുറിയിൽപോയി ഉറങ്ങും. സുറിയാനിയും മലയാളവും എല്ലാവരും എഴുതും. ആറുമണിക്ക് പള്ളിയിൽപോയി ലുത്തിനിയ, ധ്യാനവായന, കൊന്തനമസ്കാരം എന്നിവ നിർവ്വഹിക്കും. ഇതിനൊക്കെ മൽപാനച്ചനും ഞങ്ങളോടൊപ്പം ചേർന്നിരുന്നു. തുടർന്ന് പഠനസ്ഥലത്തും ഞങ്ങൾക്കൊപ്പം വന്നിരിക്കുമായിരുന്നു. അത്താഴം കഴിഞ്ഞു കുറച്ചുനേരം ആത്മീയകാര്യങ്ങളെപ്പറ്റി സംസാരിക്കും. പിന്നെ, മണിയടിച്ച് ഉറങ്ങാൻ പോകും.

ഇങ്ങനെ ഉണർന്നാൽ ഉറങ്ങുംവരെ ളോവ ധരിച്ച് അവിടെത്തന്നെ ഇരിക്കുകയും ചിലപ്പോൾ മണിയടിക്കാത്തതിനാൽ രാത്രി 11 മണി വരെ ഇരിക്കുകയും ചെയ്യേണ്ടിവന്നിട്ടുണ്ട്. ഞങ്ങളെല്ലാം ഉറങ്ങാൻ പോയാലും മൽപാനച്ചൻ വീണ്ടും അവിടെയിരുന്ന് ഏറെനേരം വായിക്കുമായിരുന്നു.

ഇപ്രകാരം കാര്യങ്ങൾ നടന്നുവരുമ്പോൾ, രണ്ടു ശെമ്മാശ്ശന്മാരും മറ്റൊരു യുവാവും മരിക്കാനിടയായി. വടയാറ്റും കുമരകത്തും മറ്റുമുള്ള മൽപാനച്ചന്മാരുടെയടുത്ത് പഠിക്കുന്നവർ ളോവയില്ലാതെ കമ്മീസുമാത്രം ധരിച്ച് പള്ളിയകത്തും വരാന്തയിലും നിലത്തും യഥേഷ്ടം ഇരുന്നും നടന്നും വായിക്കുകയും പഠിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. (എന്നാൽ ഇവിടെ) ശെമ്മാശന്മാർ മുഴുവൻ നേരം ളോവ ധരിച്ചിരുന്നു പഠിക്കുന്നതുകൊണ്ടും, മൽപാനച്ചൻ അവരുടെ കൂടെ ഇരിക്കുന്നതുകൊണ്ടും ഉള്ള സമ്മർദ്ദം മൂലമാണ് ഇവർ മരിച്ചത് എന്നു പലരും കുറ്റപ്പെടുത്തി. ഏതായാലും കുറച്ചുനാൾ കഴിഞ്ഞപ്പോൾ വരാന്തയുടെ താഴെ നടന്നുവായിക്കാൻ അനുവാദം നൽകി. രാവിലെ എട്ടുമണി കഴിഞ്ഞ് പാഠം കേൾപ്പിച്ചുകഴിഞ്ഞവർക്ക് പന്ത്രണ്ടുമണിവരെയും ഉച്ച കഴിഞ്ഞ് മൂന്നുമണി മുതൽ അഞ്ചുമണി വരെയും അവിടെ നടന്നു വായിക്കാം. പള്ളിയിലും പൊതുസമൂഹത്തിലും ഞായറാഴ്ചയും തിരുനാൾ ദിവസങ്ങളിലും മാത്രം ളോവ ധരിക്കാനും അനുവദിച്ചു.

സെമിനാരിയിൽ ചേർന്ന പീലിപ്പോസ് ശെമ്മാശ്ശൻ പ്രായക്കൂടുതലും ബുദ്ധിക്കുറവും മൂലം ഒന്നും പഠിക്കാതെയായി. മൽപാനച്ചൻ വിചാരിച്ചതുപോലുള്ള ഗുണമൊന്നും കാണാനും കഴിഞ്ഞില്ല. അതു



www.TheCMSIndia.org

കൊണ്ട്, പട്ടമേൽക്കാതെ നിന്നു ദൈവശുശ്രൂഷ ചെയ്യുകയാവും നല്ലത് എന്നു പറഞ്ഞപ്പോൾ അതിനു പീലിപ്പോസിനു മനസ്സില്ലായിരുന്നു. അതുകൊണ്ട്, ഇതിന്റെ ഉത്തരവാദി താനാണല്ലോ എന്നു കരുതി മൽപാനച്ചൻ പീലിപ്പോസിനെ പ്രത്യേകമായി പഠിപ്പിക്കാൻ നിശ്ചയിച്ചു. കാനോനനമസ്കാരം പഠിപ്പിച്ചു തുടങ്ങി. റംശാ, ലെലിയാ എന്നീ പ്രാർത്ഥനകൾ ശെമ്മശന്മാരോടുകൂടിയാണ് മൽപാനച്ചൻ ചൊല്ലിയിരുന്നത്. വൈകിട്ട് അഞ്ചുമണിക്ക് റംശാ ചൊല്ലും. ലെലിയ തലേദിവസം ചൊല്ലുന്ന പതിവ് അക്കാലത്ത് ഉണ്ടായിരുന്നില്ല. എത്ര ദീർഘമായാലും, പിറവിയുടെ പ്രാർത്ഥനകൾ ഒഴികെയുള്ളതെല്ലാം പുലർകാലത്തു മാത്രമേ ചൊല്ലിയിരുന്നുള്ളു. അതിനാൽ അതിരാവിലെ ഹൂലാല, മൗത്വാ, സപ്രാ എന്നീ പ്രാർത്ഥനകൾക്കു ശേഷം കുർബാന ചൊല്ലും. ഇതൊക്കെ പരിചയമാക്കാൻവേണ്ടി പീലിപ്പോസിനോടൊപ്പം മൽപാനച്ചൻ ചെയ്തുതുടങ്ങി. എന്നാൽ ഇദ്ദേഹത്തെ പഠിപ്പിക്കാൻവേണ്ടി ഒന്നിച്ചു നമസ്കാരം ചൊല്ലിക്കഴിയുമ്പോൾ എട്ടൊമ്പതു മണിയാകും. ഇതു മറ്റു ശമ്മാശന്മാർക്കു ഭാരമായി തീരാതിരിക്കാൻ അവരെ തനിച്ചു പ്രാർത്ഥിച്ചുകൊള്ളാൻ അനുവദിച്ചുകൊണ്ട്, മല്പാനച്ചനും പീലിപ്പോസും തനിച്ചു പ്രാർത്ഥന ചൊല്ലിയിരുന്നു. ആ വർഷം നോമ്പുകാലത്ത് രാവിലേ തുടങ്ങി പീലിപ്പോസിനോടൊപ്പം ഏഴു ഹൂലാലയും ഞായറാഴ്ചകളിൽ പത്തു ഹൂലാലയും ചൊല്ലിയ ശേഷമാണ് മൽപാനച്ചൻ കുർബാന അർപ്പിച്ചിരുന്നത്.

തോമ്മാ മൽപാൻ കുർബാന ചൊല്ലിയ കാലം മുതലാണെന്നു തോന്നുന്നു, ദിവസേന ഒരു നേരം മാത്രം ഭക്ഷിച്ച് ഉപവസിക്കും. ഞങ്ങൾ പഠിക്കാൻ ചെന്ന കാലത്തും ഇങ്ങനെ തന്നെ. ഉച്ചയ്ക്കു മാത്രം ചോറുണ്ണും. വൈകിട്ട് അല്പം കഞ്ഞി കുടിക്കും. രാവിലെ ഒന്നും കഴിക്കില്ല. ഏറെക്കാലം ഇങ്ങനെയാണ് ജീവിച്ചത്. പിന്നീട് കഠിനമായ പനി ബാധിച്ചപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പ് വൈദ്യൻ കർശനമായി നിർദ്ദേശിച്ചതിനാൽ കാലത്ത് കഞ്ഞി കുടിച്ചുതുടങ്ങി. വരാപ്പുഴയിൽ സെക്രട്ടറി ആയി കഴിഞ്ഞിരുന്ന കാലത്തും ഈ ഭക്ഷണക്രമം പാലിപ്പിച്ചിരുന്നു. മൽപാനച്ചന്റെ വീട്ടിൽനിന്ന് ആഹാരം കൊണ്ടുവന്നിരുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ വീട്ടിൽ സാമ്പത്തിക ഞെരുക്കം ആയിരുന്നു. ഇദ്ദേഹം കുർബാന ചൊല്ലുന്നതിനു കുറച്ചു ദിവസം മുമ്പ് അമ്മ മരിച്ചു. പിന്നെ, ഒരു ജ്യേഷ്ഠനും രണ്ടു സഹോദരിമാരും ആണ് ഉണ്ടായിരുന്നത്.. അവരിൽ മൂത്ത പെങ്ങളുടെ ഭർത്താവ് ദുസ്വഭാവിയും കുടുംബം നോക്കാത്തയാളുമായിരുന്നു. അതിനാൽ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പെങ്ങൾ വീട്ടിൽ വന്നു താമസിച്ചു. അവരാണു ചോറും കറിയും ഉണ്ടാക്കി അച്ചനു കൊടുത്തുവിട്ടിരുന്നത്. ജ്യേഷ്ഠനാകട്ടെ അധികം പ്രാപ്തിയില്ലാത്ത ആളായിരുന്നു. അതുകൊണ്ട് കുർബാന ചൊല്ലിയ കാലം മുതൽ മല്പാനച്ചന്റെ സഹായത്താലാണ് ഈ കുടുംബം ചെലവു കഴിഞ്ഞുപോന്നത്. അച്ചന്റെ ഉച്ചഭക്ഷണത്തിന് എന്നും ഒരു കറി മാത്രമേ ഉണ്ടായിരുന്നുള്ളു.





www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മൽപാനച്ചൻ ഏറെ ബുദ്ധിമുട്ടിയിട്ടും പീലിപ്പോസിനു പഠനത്തിൽ പുരോഗതി ഉണ്ടായില്ല. അതിനാൽ, അയാൾ ഇനി അഞ്ചാംപട്ടം സ്വീകരിക്കേണ്ടായെന്ന് അച്ചൻ പറഞ്ഞു. അത് ഇഷ്ടപ്പെടാതെ അരിശപ്പെട്ട്, പീലിപ്പോസ് അച്ചനെ ഇപ്രകാരം കുറ്റപ്പെടുത്താൻ തുടങ്ങി: 'അച്ചൻ എന്നെ ചതിച്ചില്ലേ. ഞാൻ അൽമായനായി നടന്നതല്ലേ. എന്നെ ഈ കോലം കെട്ടിച്ചിട്ട് ഇപ്പോഴെനിക്കു പട്ടം തരികയില്ലെന്നോ? ഈ കൊച്ചു ശെമ്മാശ്ശന്മാർക്ക് പട്ടം കൊടുക്കുകയും ചെയ്യുന്നല്ലോ? പിന്നീട് പീലിപ്പോസ് പള്ളിപ്പുറത്തുനിന്നു പുറപ്പെട്ട് പരദേശിയായി നടക്കാൻ തുടങ്ങി.

തോമ്മാ മൽപാൻ പള്ളിപ്പുറത്തു പഠിപ്പിക്കുന്ന കാലത്ത് ഇദ്ദേഹത്തിന്റെ ഗുരുനാഥനായ അബ്രാഹം മൽപാൻ കൽപറമ്പിൽ താമസിച്ചു പഠിപ്പിച്ചിരുന്നു. കന്നി മാസം ഒന്നാം ഞായറാഴ്ച സെമിനാരിയുടെ തിരുനാൾ കല്പറമ്പിൽ ആഘോഷിച്ചിരുന്നു. ഞങ്ങളുടെ മൽപാനച്ചൻ അദ്ദേഹത്തിൽനിന്ന് വളരെയേറെ സഹായം സ്വീകരിച്ച വ്യക്തിയാണ്. അതിനാൽ ഗുരുനാഥനെ ചെന്നുകണ്ട് ഒരു ആശീർവ്വാദം വാങ്ങണമെന്ന് ആഗ്രഹിച്ചു. ആദ്യശിഷ്യരായ (വരാപ്പുഴയിൽ മൽപാനായിരുന്നു മരിച്ച) പള്ളിപ്പുറം ഇടവകക്കാരൻ മംഗലത്തു ചാണ്ടി അച്ചനെയും വൈക്കത്ത് പഴയകടവിൽ യൗസേപ്പ് അച്ചനെയും എന്നെയുംകൂടി ഒപ്പം കൊണ്ടുപോകാൻ തീരുമാനിച്ചു. അതിന്റെ ആവശ്യത്തിലേക്കായി അവർ രണ്ടുപേരും സ്വന്തം വീടുകളിൽനിന്ന് കുറച്ചു പുത്തൻ തുണി വാങ്ങി. എനിക്കുവേണ്ടി മൽപാനച്ചൻതന്നെ ഒരു വിശേഷപ്പെട്ട പുതപ്പും വാങ്ങിച്ചു. ഞങ്ങളെ മൂന്നുപേരെയും കൂട്ടി കല്പറമ്പിൽ എത്തി. കൊച്ചിയിൽനിന്നു ചില പ്രത്യേകതരം പലഹാരങ്ങളും കൊണ്ടുപോയിരുന്നു. തോമ്മാ മൽപാൻ ഗുരുനാഥനെ വലിയ ആദരവോടെ, ഉപചാരപൂർവം വണങ്ങി മാറിനിന്നു. അപ്പോൾ ഞങ്ങൾ മൂന്നുപേരും സമ്മാനങ്ങൾ കൊണ്ടുചെന്ന് അദ്ദേഹത്തിന്റെ മുറിയിൽ വച്ചു. പിന്നീട് കസേരയുടെ മുമ്പിൽ മുട്ടുകുത്തി കൈ മുത്തി. അദ്ദേഹം സന്തോഷത്തോടെ ഞങ്ങളുടെ തലയിൽ കൈവച്ച് ആശീർവദിച്ചു. അവിടുത്തെ തിരുനാളിനു പല ശിഷ്യരും വന്നുചേർന്നിരുന്നു. ഞങ്ങളുടെ മൽപാനച്ചനാണ് അന്നു പ്രസംഗം പറഞ്ഞത്. അതുകഴിഞ്ഞ് ഞങ്ങൾ പള്ളിപ്പുറത്തേക്കു മടങ്ങിപ്പോരുകയും ചെയ്തു.

ഇക്കാലത്താണ് മെലേസിയൂസ് പ്രെന്തർഗാസ്റ്റ് എന്ന ഇംഗ്ലീഷ് മെത്രാൻ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയി റോമിൽനിന്നു



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കല്പനയും വാങ്ങി എത്തിച്ചേർന്നത്. അന്നത്തെ സമ്പ്രദായമനുസരിച്ച് ഒരു വികാരി അപ്പസ്തോലിക്കയുടെ കാലം കഴിഞ്ഞ് മറ്റൊരാൾ ചുമതലയേൽക്കുന്നതിനു ചില ചിട്ടവട്ടങ്ങളുണ്ടായിരുന്നു. ഭരണമേൽക്കുന്നതിനു മുമ്പുതന്നെ എല്ലാ പള്ളികൾക്കും കൽപന അയയ്ക്കണം. വികാരിമാരെയും വേണ്ടത്ര ജനങ്ങളെയും നിശ്ചിത ദിവസം വരാപ്പുഴ പള്ളിയിൽ വിളിച്ചുകൂട്ടണം. ലത്തീനിലും മലയാളത്തിലും കൽപന പരസ്യപ്പെടുത്തുകയും അതിന്റെ പകർപ്പുകൾ എല്ലാ പള്ളികളിലേക്കും കൊടുത്തയയ്ക്കുകയും വേണം. അന്നേ ദിവസം വന്നുകൂടുന്ന വൈദികർക്കും ജനങ്ങൾക്കും ഉചിതമായ സൽക്കാരം നൽകുകയും ചെയ്യണം. മേൽപറഞ്ഞ മെത്രാനച്ചൻ ഇക്കാര്യങ്ങളെല്ലാം യഥോചിതം നിർവ്വഹിച്ചു. ഇതിനെല്ലാം തോമ്മാ മൽപാനും പങ്കുചേർന്നിരുന്നു.

മൽപാനച്ചൻ പഠിപ്പിക്കാൻ തുടങ്ങുന്നതുവരെ വരാപ്പുഴയിൽ സെക്രട്ടറിയായി താമസിക്കുകയായിരുന്നു. പള്ളികൾ സംബന്ധിച്ച കാര്യങ്ങൾ മാത്രമല്ല, വരാപ്പുഴയിലുള്ള വസ്തുവകകളുടെ വിവരങ്ങളും ശരിയായി മനസ്സിലാക്കിയിരുന്നു. അതിനാൽ പ്രസ്തുത ജോലിയിൽനിന്ന് ഒഴിഞ്ഞിട്ടും വികാരി ജനറാൾമാരായിരുന്ന പ്രോസ്പർ, നിക്ലാവോസ് എന്നീ വൈദികശ്രേഷ്ഠന്മാർ പ്രധാനപ്പെട്ട കാര്യങ്ങൾ ഉണ്ടാകുമ്പോൾ മൽപാനച്ചനെ ആളയച്ചുവരുത്തുകയും അഭിപ്രായങ്ങൾ തേടുകയും ചെയ്തുപോന്നു. ഇക്കാരണത്താൽ വരാപ്പുഴയിൽ ചെന്നാൽ മടങ്ങുന്നതുവരെയുള്ള എല്ലാ ചെലവുകളും അവിടെ നിന്നു ചെയ്തിരുന്നു.


ഈ മെത്രാന്റെ കാലത്താണ് പള്ളികളിൽ മെത്രാൻതന്നെ നേരിട്ടു സന്ദർശനത്തിനു പോകുന്ന പതിവുണ്ടായത്. ആദ്യമായി കുടമാളൂർ പള്ളിയിലാണു സന്ദർശനത്തിനു പോയത്. തുടർന്ന് മറ്റു പള്ളികളിലും സന്ദർശനം നടത്തി. ഇതിനുമുമ്പ് ബഹുമാനപ്പെട്ട മിഷണറിമാരെ പള്ളികളിലേക്ക് അയയ്ക്കുന്നതല്ലാതെ മെത്രാൻ പോയിരുന്നില്ല. ഒരുപക്ഷേ നാട്ടിലെ രാജക്കൻമാരുടെ മുമ്പിലുള്ള ബഹുമാനം നിലനിർത്തുന്നതിനുവേണ്ടി ആയിരുന്നുവെന്നു തോന്നുന്നു അങ്ങനെ ചെയ്തിരുന്നത്; അതായത്, സന്യാസിമാർ പുറത്തിറങ്ങി സഞ്ചരിക്കാത്ത സമ്പ്രദായം അനുസരിച്ചായിരുന്നിരിക്കണം. ഇപ്പോൾ ചെയ്യുന്നതുപോലുള്ള ക്രമത്തോടും ഫലത്തോടും കൂടിയല്ലായിരുന്നെങ്കിലും, മല്പാനച്ചനും പള്ളികൾതോറും നടന്ന് ചില കാര്യങ്ങൾ കർശനമായി നിർദ്ദേശിച്ചിരുന്നു. സെമിത്തേരി നിർമ്മിച്ച് അവിടെ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ശവസംസ്കാരം നടത്തണമെന്നും പള്ളികളിൽ കുമ്പസാരക്കൂട് ഉണ്ടാകണമെന്നും ദർശനസമൂഹം സ്ഥാപിക്കണമെന്നും അദ്ദേഹം നിർബന്ധിച്ചു. അതിനുമുമ്പ് സുറിയാനി പള്ളികളിൽ ദർശനസമൂഹം ഉണ്ടായിരുന്നില്ല. സെമിത്തേരിയും കുമ്പസാരക്കൂടും ലത്തീൻ പള്ളി കളിലും ഇല്ലായിരുന്നു.



സുറിയാനി ഭാഷയിൽ ശാസ്ത്രഗ്രന്ഥങ്ങൾ, ദൈവശാസ്ത്രം, സന്മാർഗശാസ്ത്രം മുതലായ വൈദികർക്ക് ആവശ്യമായ പുസ്തക ങ്ങൾ, ലഭ്യമായിരുന്നില്ല. വൈദികരുടെ അറിവില്ലായ്മകൊണ്ട് ഉണ്ടാ കുന്ന നഷ്ടങ്ങൾ മൽപാനച്ചനെ സങ്കടപ്പെടുത്തി. ഇതു പരിഹരി



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ക്കാനായി അദ്ദേഹം ശ്രമിച്ചു. തമിഴ്നാട്ടിൽ ഈശോസഭാവൈദികർ ചില പുസ്തകങ്ങൾ തമിഴിൽ തയ്യാറാക്കിയിട്ടുണ്ടെന്നു കേട്ട്, അവ വരുത്തി. അതുപോലെ ഈ നാട്ടിൽത്തന്നെ മിഷണറിമാർ തയ്യാറാക്കിയ ചില മലയാളപുസ്തകങ്ങളും വരുത്തി ഞങ്ങൾക്കു വായിക്കാൻ തന്നു. മൽപാനച്ചനും തമിഴ് പഠിച്ച് ഈ പുസ്തകങ്ങൾ പതിവായി വായിച്ചു. അതിനാൽ മറ്റു ചില മൽപാൻമാർ ഇദ്ദേഹത്തെ 'തമിഴ് മൽപാൻ, പാണ്ടി മൽപാൻ' എന്നൊക്കെ പരിഹസിച്ചു വിളിച്ചിരുന്നു. സുറിയാനി പഠിക്കാത്തതുകൊണ്ടാണ് തമിഴ് പുസ്തകങ്ങൾ വായിക്കുന്നത് എന്നും അവർ കളിയാക്കി പറഞ്ഞിരുന്നു.

ഞാറയ്ക്കൽ മൽപാൻ, കരിയാറ്റിൽ മൽപാൻ, പൗളിനോസ് മൂപ്പച്ചൻ എന്നിവർ തയ്യാറാക്കിയ കൂദാശപ്പുസ്തകങ്ങളും മറ്റു ചില വിശേഷ മലയാള പുസ്തകങ്ങളും പുണ്യജീവിതം, വലിയ ഓത്തിന്റെ അർത്ഥം എന്നീ ഗ്രന്ഥങ്ങളും ശേഖരിച്ചിരുന്നു. ജ്ഞാനമുത്ത്, ജ്ഞാനസഞ്ജീവി, ഏഴാഴ്ച പുതുമ, നക്ഷത്രമാല, പുരാന്തിമം, പശ്ചിമം തുടങ്ങിയ വിശേഷപ്പെട്ട തമിഴ് പുസ്തകങ്ങളും ഉണ്ടായിരുന്നു. അച്ചടിയേക്കുറിച്ച് കേട്ടിട്ടുപോലുമില്ലാത്ത ഇന്ത്യയിൽ ഈ വിധത്തിലുള്ള പുസ്തകങ്ങൾ സ്വന്തമാക്കിയത് ഏറെ അന്വേഷിച്ചും പരിശ്രമിച്ചുമാണ്.

തമിഴിൽനിന്നു മലയാളത്തിലേക്കു ചില പുസ്തകങ്ങൾ പരിഭാഷപ്പെടുത്തി. മൽപാനച്ചൻ ശിഷ്യരെ എല്ലാവരെയും ഒരുപോലെ പഠിപ്പിക്കുകയും അവർക്കായി കൈയെഴുത്തിലുള്ള സുറിയാനി വേദപുസ്തകങ്ങൾ പല സ്ഥലങ്ങളിൽനിന്നു വരുത്തി അവർക്കു കൊടുക്കുകയും അവയുടെ പകർപ്പ് എടുപ്പിക്കുകയും ചെയ്തിരുന്നു. വൈദികർക്ക് ആവശ്യമായ അറിവ് സമ്പാദിക്കണമെങ്കിൽ ലത്തീൻ ഭാഷ പഠിക്കണം എന്ന് അദ്ദേഹം നിശ്ചയിച്ചു. ചിലരെയെങ്കിലും ലത്തീൻ പഠിപ്പിച്ചാൽ മറ്റുള്ളവർക്കും അത് ഉപകാരപ്പെടും എന്നു വിചാരിച്ചു. ഞങ്ങൾ അറിയാതെ തന്നെ മൽപാനച്ചൻ ഇക്കാര്യം മെലേസിയൂസ് മെത്രാനച്ചനെ ബോധ്യപ്പെടുത്തി സമ്മതവും വാങ്ങി. വരാപ്പുഴയിലെ നിക്ലാവോസ് മൂപ്പച്ചനു മൽപാനച്ചനോടു വലിയ സ്നേഹമായിരുന്നതിനാൽ ആവശ്യമായ സഹായങ്ങൾ ചെയ്യാമെന്നു സമ്മതിച്ചു. അങ്ങനെ ഞങ്ങൾ മൂന്നു പേരെ വരാപ്പുഴയിൽ കൊണ്ടുപോയി.

അവിടെ സെമിനാരിക്കു പുറത്ത് കിണറിന്റെ പടിഞ്ഞാറുവശത്തുള്ള മുറിയിൽ ഞങ്ങൾ താമസിക്കണം, പഠനസമയത്ത് ലത്തീൻകാരുടെ സെമിനാരിയിൽ പോയി പഠിക്കണം, ആഹാരവും



www.TheCMSIndia.org

കിടപ്പും ഈ മുറിയിൽത്തന്നെ ചെയ്യണം, എന്തെങ്കിലും ആവശ്യം വന്നാൽ അതൊക്കെ മൂപ്പച്ചനെ അറിയിച്ചാൽ ചെയ്തുതരും എന്നിങ്ങനെയെല്ലാം പറഞ്ഞേൽപിച്ച് മൽപാനച്ചൻ പള്ളിപ്പുറത്തേക്കു മടങ്ങി. പിറ്റേ ദിവസം ഞങ്ങൾ സെമിനാരിയിൽ ചെന്നപ്പോൾ അവിടെ കയറാൻ അവർ സമ്മതിച്ചില്ല. ഇക്കാരണത്താൽ മൽപാനച്ചന്റെ വാക്കുകൾ പാലിക്കാൻ കഴിയാതെ ഞങ്ങൾക്കു പള്ളിപ്പുറത്തേക്കു തിരിച്ചുപോരേണ്ടിവന്നു. ലക്ഷ്യം സാധിച്ചില്ലെന്നു മാത്രമല്ല, കുറെയധികം മാനനഷ്ടവും സങ്കടവും ഉണ്ടായി.

ഇനി എന്താണ് ഇതിനൊരു മാർഗം എന്ന് ആലോചിച്ചു. ഒപ്പമുണ്ടായിരുന്ന രണ്ടുപേരും പ്രായം ചെന്നവരും കാനോനനമസ്കാരം പഠിച്ച്, അഞ്ചാം പട്ടത്തിന് ആഗ്രഹിക്കുന്നവരും ആയതിനാൽ എന്നെയെങ്കിലും കുറച്ചു ലത്തീൻ പഠിപ്പിക്കണമെന്നു മൽപാനച്ചൻ നിശ്ചയിച്ചു. അന്നു തങ്കിപ്പള്ളി വികാരിയായിരുന്ന വടക്കൻ പള്ളിപ്പുറത്തുകാരൻ മെയിൻ എന്ന മിഷണറിയച്ചൻ കുറച്ചൊക്കെ ലത്തീൻ അറിയാവുന്ന ആളാണെന്ന് അറിഞ്ഞു. മൽപാനച്ചൻ ചെലവിനുള്ള വകയും തന്ന് എന്നെ അങ്ങോട്ടയച്ചു. ഏഴെട്ടുമാസം അവിടെ താമസിച്ചു. അപ്പോഴേക്കും അസുഖം ബാധിച്ചതിനാൽ ഞാൻ തിരികെ പോന്നു. അങ്ങനെ ഈ ആഗ്രഹം സാധിക്കാതെപോയി.

ഇങ്ങനെ ഞങ്ങളെ പഠിപ്പിക്കുന്ന കാലത്ത്, തോമ്മാ മൽപാനച്ചന്റെ വലിയ പരിശ്രമത്താൽ അധികാരികളെ ബോധ്യപ്പെടുത്തി വടയാറ്റു പള്ളിയിലും വേറെ ചില പള്ളികളിലും കർമ്മലമാതാവിന്റെ ദർശനത്തിരുനാൾ ആഘോഷിക്കാൻ തുടങ്ങിയിരുന്നു. മൽപാനച്ചനും അദ്ദേഹത്തിന്റെ ഏറ്റവും പ്രിയപ്പെട്ട സ്നേഹിതനായ പോരൂക്കര തോമ്മാച്ചനും കേരളത്തിൽ വൈദികർക്കായി ഒരു തപസ്സുഭവനം പോലും ഇല്ലാത്തതുകൊണ്ട് ഏറെ നൻമകൾ ഇല്ലാതാവുന്നുവെന്നു കണ്ട്, എങ്ങനെയെങ്കിലും വൈദീകർക്കുവേണ്ടി ഒരു ദർശനവീട് ഉണ്ടാകണമെന്ന് ആഗ്രഹിച്ചു. ഇക്കാര്യത്തിന് ആരും സഹായമില്ലാത്തതിനാൽ സങ്കടപ്പെട്ടിരിക്കുമ്പോൾ ദൈവകൃപയാൽ ബോംബെ വികാരി അപ്പസ്തോലിക്ക അഭിവന്ദ്യ മൗറേലിയൂസ് ദെലീക്കാ എന്ന മെത്രാൻ ഇവിടെയെത്തി. പത്താം ലെയോ മാർപ്പാപ്പയുടെ കൽപന പ്രകാരം വരാപ്പുഴയുടെ ഇടക്കാല വികാരി അപ്പസ്തോലിക്ക ആയി ചുമതലയേറ്റു. നേരത്തേ ഏഴാം പീയൂസ് പാപ്പയുടെ കാലത്ത് വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിരുന്ന അഭിവന്ദ്യ റെയ്മണ്ട് സൂര്യ മെത്രാന്റെ സെക്രട്ടറിയായി മൽപാനച്ചൻ ജോലി ചെയ്തിരുന്നു.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അതിനാൽ പിന്നീടുവന്ന അധികാരികളും ഉപദേശം തേടുന്നതിനായി ഞങ്ങളുടെ അച്ചനെ വിളിക്കുമായിരുന്നു. അങ്ങനെ മൗറേലിയോസ് മെത്രാൻ മൽപാനച്ചനെ വിളിച്ച് ഒന്നുകിൽ സെക്രട്ടറിയായി വരാപ്പുഴയിൽ താമസിക്കണം അല്ലെങ്കിൽ വിശ്വാസയോഗ്യനായ ഒരു വൈദികനെ നൽകണം എന്ന് ആവശ്യപ്പെട്ടു. ഞങ്ങളുടെ മൽപാനച്ചനു പഠിപ്പിക്കൽ എന്ന ജോലി ഉപേക്ഷിക്കാൻ മനസ്സു വന്നില്ല. അതിനാൽ കൊല്ലത്തു തങ്കശ്ശേരി പുത്തൻപള്ളിയിൽനിന്ന് പോരൂക്കര തോമ്മാച്ചനെ വരുത്തി മെത്രാന്റെ സെക്രട്ടറിയായി നിർദ്ദേശിച്ചു; അങ്ങനെ അദ്ദേഹം നിയമിക്കപ്പെടുകയും ചെയ്തു.

ഇക്കാലത്ത് മൽപാനച്ചനും പോരൂക്കരയച്ചനും നേരത്തെ ആഗ്രഹിച്ച ദർശനവീടിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരുന്നു. 'എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചു കൂടുന്നിടത്തു ഞാനുണ്ടാകും, ചോദിപ്പിൻ നിങ്ങൾക്കു ലഭിക്കും' എന്നും മറ്റുമുള്ള നമ്മുടെ കർത്താവിന്റെ വചനങ്ങൾക്കു യോജിച്ചവണ്ണം ഇവരുടെ ഉത്സാഹവും അപേക്ഷയും മൂലം മെത്രാൻ കാര്യങ്ങൾ ശരിയായി മനസ്സിലാക്കി. അപ്പോൾ വരണ്ട ഭൂമിയിൽ മഴ പെയ്താലെന്നപോലെ, പുണ്യദാഹമുണ്ടായിരുന്ന അദ്ദേഹത്തിൽ പ്രത്യേക തെളിവ് കണ്ടു. 'തമ്പുരാന്റെ മുഖം അന്വേഷിക്കുന്നവർ ഈ വേലയ്ക്കു ദാനധർമ്മം ചെയ്യണം' എന്ന ഒരു കൽപന എഴുതി. 1829 വൃശ്ചികം (നവമ്പർ) ഒന്നിനു തന്നെ ഇതിലേക്കു ദാനധർമ്മമായി മെത്രാനച്ചൻ ഞങ്ങളുടെ മൽപാനച്ചന്റെയും പോരൂക്കര അച്ചന്റെയും കൈയിൽ ഇരുന്നൂറു രൂപയും കൊടുത്തു. ഇക്കാര്യം നിർവ്വഹിക്കുന്നതിനായി ഇവർ രണ്ടു പേരെയും ചുമതലപ്പെടുത്തി അയയ്ക്കുകയും ചെയ്തു.

ഇവർ യാത്ര പുറപ്പെട്ട് 1830 തുലാം (ഒക്ടോബർ) മാസത്തിൽ എടത്വായിൽ കോയിൽമുക്കു പള്ളിയിൽ പോകുന്നവഴി ചമ്പക്കുളത്ത് കല്ലൂർക്കാട് പള്ളിയിൽ കയറി കൽപന കാട്ടി വിവരമറിയിച്ചു. വൈദികരും പള്ളിയോഗവും ചേർന്ന് ഇരുന്നൂറു രൂപയ്ക്കുള്ള ആയിരപ്പറ നെല്ലുതരുന്നതിനു നിശ്ചയിച്ചു. തീരുമാനത്തിൽ വികാരിയച്ചന്റെ ഒപ്പും വച്ചുതന്നു. അവിടെനിന്ന് കോയിൽമുക്കു പള്ളിയിൽ എത്തി. അവിടെയും കൽപന കാട്ടി വിവരം പറഞ്ഞപ്പോൾ അവരെല്ലാവരുംകൂടി പള്ളിയിൽനിന്ന് നാനൂറുരൂപയ്ക്കുള്ള പതിനായിരം ചക്രം കൊടുക്കുന്നതിനു നിശ്ചയിച്ചു. പൂട്ടുതുറന്ന് പതിനായിരം ചക്രമെടുത്തു കൊടുക്കുകയും ചെയ്തു. അവിടെ നിന്ന് മൽപാനച്ചൻ പള്ളിപ്പുറത്തുവന്നു താമസമാക്കി. മെത്രാനച്ചൻ അർത്തുങ്കൽ മാർ അന്ത്ര



www.TheCMSIndia.org

34

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അതിനാൽ പിന്നീടുവന്ന അധികാരികളും ഉപദേശം തേടുന്നതിനായി ഞങ്ങളുടെ അച്ചനെ വിളിക്കുമായിരുന്നു. അങ്ങനെ മൗറേലിയോസ് മെത്രാൻ മൽപാനച്ചനെ വിളിച്ച് ഒന്നുകിൽ സെക്രട്ടറിയായി വരാപ്പുഴ യിൽ താമസിക്കണം അല്ലെങ്കിൽ വിശ്വാസയോഗ്യനായ ഒരു വൈദി കനെ നൽകണം എന്ന് ആവശ്യപ്പെട്ടു. ഞങ്ങളുടെ മൽപാനച്ചനു പഠിപ്പിക്കൽ എന്ന ജോലി ഉപേക്ഷിക്കാൻ മനസ്സു വന്നില്ല. അതിനാൽ കൊല്ലത്തു തങ്കശ്ശേരി പുത്തൻപള്ളിയിൽനിന്ന് പോരൂക്കര തോമ്മാ ച്ചനെ വരുത്തി മെത്രാന്റെ സെക്രട്ടറിയായി നിർദ്ദേശിച്ചു; അങ്ങനെ അദ്ദേഹം നിയമിക്കപ്പെടുകയും ചെയ്തു.

ഇക്കാലത്ത് മൽപാനച്ചനും പോരൂക്കരയച്ചനും നേരത്തെ ആഗ്ര ഹിച്ച ദർശനവീടിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരുന്നു. 'എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചു കൂടുന്നിടത്തു ഞാനു ണ്ടാകും, ചോദിപ്പിൻ നിങ്ങൾക്കു ലഭിക്കും' എന്നും മറ്റുമുള്ള നമ്മുടെ കർത്താവിന്റെ വചനങ്ങൾക്കു യോജിച്ചവണ്ണം ഇവരുടെ ഉത്സാ ഹവും അപേക്ഷയും മൂലം മെത്രാൻ കാര്യങ്ങൾ ശരിയായി മന സ്സിലാക്കി. അപ്പോൾ വരണ്ട ഭൂമിയിൽ മഴ പെയ്താലെന്നപോലെ, പുണ്യദാഹമുണ്ടായിരുന്ന അദ്ദേഹത്തിൽ പ്രത്യേക തെളിവ് കണ്ടു. 'തമ്പുരാന്റെ മുഖം അന്വേഷിക്കുന്നവർ ഈ വേലയ്ക്കു ദാനധർമ്മം ചെയ്യണം' എന്ന ഒരു കൽപന എഴുതി. 1829 വൃശ്ചികം (നവമ്പർ) ഒന്നിനു തന്നെ ഇതിലേക്കു ദാനധർമ്മമായി മെത്രാനച്ചൻ ഞങ്ങളുടെ മൽപാനച്ചന്റെയും പോരൂക്കര അച്ചന്റെയും കൈയിൽ ഇരുന്നൂറു രൂപയും കൊടുത്തു. ഇക്കാര്യം നിർവ്വഹിക്കുന്നതിനായി ഇവർ രണ്ടു പേരെയും ചുമതലപ്പെടുത്തി അയയ്ക്കുകയും ചെയ്തു.

ഇവർ യാത്ര പുറപ്പെട്ട് 1830 തുലാം (ഒക്ടോബർ) മാസത്തിൽ എട ത്വായിൽ കോയിൽമുക്കു പള്ളിയിൽ പോകുന്നവഴി ചമ്പക്കുളത്ത് കല്ലൂർക്കാട് പള്ളിയിൽ കയറി കൽപന കാട്ടി വിവരമറിയിച്ചു. വൈദി കരും പള്ളിയോഗവും ചേർന്ന് ഇരുന്നൂറു രൂപയ്ക്കുള്ള ആയിരപ്പറ നെല്ലുതരുന്നതിനു നിശ്ചയിച്ചു. തീരുമാനത്തിൽ വികാരിയച്ചന്റെ ഒപ്പും വച്ചുതന്നു. അവിടെനിന്ന് കോയിൽമുക്കു പള്ളിയിൽ എത്തി. അവിടെയും കൽപന കാട്ടി വിവരം പറഞ്ഞപ്പോൾ അവരെല്ലാവ രുംകൂടി പള്ളിയിൽനിന്ന് നാനൂറുരൂപയ്ക്കുള്ള പതിനായിരം ചക്രം കൊടുക്കുന്നതിനു നിശ്ചയിച്ചു. പൂട്ടുതുറന്ന് പതിനായിരം ചക്രമെ ടുത്തു കൊടുക്കുകയും ചെയ്തു. അവിടെ നിന്ന് മൽപാനച്ചൻ പള്ളി പ്പുറത്തുവന്നു താമസമാക്കി. മെത്രാനച്ചൻ അർത്തുങ്കൽ മാർ അന്ത്ര



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

യോസ് ശ്ലീഹായുടെ പള്ളിയിൽ താമസിക്കുന്നതിനാൽ പോരൂക്കരയച്ചൻ അവിടെപ്പോയി സെക്രട്ടറിയായി താമസിക്കുകയും ചെയ്തു.

ഇതിനുശേഷം കുറെക്കാലം കഴിഞ്ഞ് ദർശനവീടിനു സ്ഥലം കാണാൻ നിശ്ചയിച്ചു. ഞങ്ങളുടെ മൽപാനച്ചനും പോരൂക്കരയച്ചനും





www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അദ്ദേഹത്തിന്റെ ഒരു സഹായി കണിയാന്തറ യാക്കോബ് എന്ന യുവാവും പള്ളിപ്പുറം ഇടവക കല്ലുങ്കൽ ഇട്ടൂപ്പും ഈഴവ ജാതിയിൽപ്പെട്ട ഇട്ടൻ എന്നയാളും കൂടി പുറപ്പെട്ടു. ഇത്തിപ്പുഴ ആറ്റിൻകരയിൽക്കൂടി പോയി. വെട്ടിക്കാട്ടുമുക്കും കടന്ന്, കടനാട്ടിൽപ്പാറ എന്ന അപകടം പിടിച്ച ഒരു സ്ഥലവും പിന്നിട്ട്, മുളക്കുളത്തു ചെന്നു. അവിടമാകെ തിരഞ്ഞെങ്കിലും യോജിച്ച സ്ഥലമൊന്നും കണ്ടില്ല. അവിടെനിന്നു തിരികെ യാത്ര പുറപ്പെട്ട് വഴിക്കു കാണുന്ന ഉയർന്ന കുന്നും മലയുമൊക്കെ അനുയോജ്യമാണോ എന്ന് ആലോചിച്ചു. കടനാട്ടിൽപ്പാറ കടന്ന്, അതിനു താഴെ വെട്ടിക്കാട്ടുമുക്കിനു മുകളിലുള്ള കളമ്പൂരിനു ചെല്ലുന്ന മണയ്ക്ക് അടുത്തുള്ള ഒരു സ്ഥലവും കണ്ടു. അവിടെ വേനൽക്കാലത്ത് ഓരുവെള്ളം കടക്കുന്നതിനാൽ അതും വേണ്ടെന്നുവച്ചു. അവർ തിരികെ പള്ളിപ്പുറത്തുവന്നു. ഇനി അന്വേഷണം കുറച്ചു കഴിഞ്ഞാകട്ടെ എന്നു തീരുമാനിച്ച്, പോരൂക്കരയച്ചൻ മെത്രാന്റെ പക്കലേക്കു പോയി.

കുറെനാൾ കഴിഞ്ഞ് പസ്കാൾ അച്ചനും ഞങ്ങളുടെ അച്ചനും പോരൂക്കര അച്ചനും ഇട്ടൂപ്പ് അച്ചനും മംഗലത്തു ചാണ്ടി അച്ചനും കൂടി നേരത്തേ പോയ ആറ്റുവഴിയിൽക്കൂടി വീണ്ടും യാത്ര പുറപ്പെട്ടു. വെട്ടിക്കാട്ടുമുക്കിനും മുകളിൽ കടനാട്ടിൽപ്പാറയ്ക്കും താഴെ കാവൽവഴി ചേരിക്കും കിഴക്കുള്ള ചെമ്മഞ്ചി എന്നു പേരുള്ള ഉയർന്ന ഒരു കുന്നുംപുറം കണ്ടു. വളരെ പ്രയാസപ്പെട്ട് അതിനുമുകളിൽ കയറിച്ചെന്നുനോക്കി. നല്ല ഉയരത്തിൽ വീതിയും വിസ്താരവുമുള്ള നല്ല സ്ഥലം. പക്ഷേ, വള്ളമടുപ്പിക്കാനും താഴെനിന്നു വസ്തുവകകൾ മുകളിലെത്തിക്കാനും വളരെ പ്രയാസം. അതിനാൽ ആ സ്ഥലവും യോജിച്ചതായി തോന്നിയില്ല. എല്ലാവരും അവിടെനിന്നു മടങ്ങി, അവരവരുടെ സ്ഥലത്ത് എത്തുകയും ചെയ്തു.

പിന്നീട് ഞങ്ങളുടെ മൽപാനച്ചൻ വാതം ബാധിച്ചു കിടപ്പിലായി. ഒരു മാസത്തോളം കുർബാന ചൊല്ലാൻ കഴിഞ്ഞില്ല. അരക്കെട്ട് തളർന്നുപോയതിനാൽ കാല് അനക്കാൻ കഴിയാതായി. അസുഖം ഒരുവിധം സുഖപ്പെട്ടപ്പോൾ വടകരയ്ക്കു പോയി. അവിടെവച്ച് ഞാനും മൽപാനച്ചനും ആറ്റിനക്കരെ കടന്ന്, പല മലകളും കുന്നുകളും കയറി. ഉച്ച കഴിഞ്ഞപ്പോൾ മടങ്ങിപ്പോന്നു. ആ സ്ഥലങ്ങളൊന്നും ഇഷ്ടപ്പെട്ടില്ല. അവിടെ നിന്നു ഞങ്ങൾ പള്ളിപ്പുറത്തു തിരിച്ചുവന്നു.

അതിരമ്പുഴയ്ക്കു കിഴക്കായി പള്ളിക്കുന്ന്, പള്ളിക്കയം എന്നൊക്കെ പറയുന്ന ഒരു നല്ല സ്ഥലമുണ്ടെന്നു കേട്ടു. വേദഗിരി എന്ന സ്ഥല



www.TheCMSIndia.org

ത്തെക്കുറിച്ചും കേട്ടു. ആ സ്ഥലങ്ങൾ കാണുന്നതിനു ഞങ്ങളുടെ അച്ചനും പോരൂക്കര അച്ചനുംകൂടി പോയി. വെള്ളത്തിനു സൗകര്യമുള്ളിടത്തു സ്ഥലം നന്നല്ല, നല്ല സ്ഥലമാണെങ്കിൽ അവിടെ വെള്ളത്തിനു സൗകര്യമില്ല എന്നു കണ്ട് സ്ഥലങ്ങളൊന്നും ഇഷ്ടപ്പെട്ടില്ല. അവിടെനിന്ന് കുടമാളൂർ ആറ്റിൽ വന്നപ്പോൾ കുടമാളൂർ പള്ളിക്കു കിഴക്ക് പുഴയരികിലായി ഒരു കുന്നു കണ്ടു. അവിടെ കയറി സ്ഥലം നോക്കിയപ്പോൾ കൊള്ളാമെന്ന് തോന്നി. പുഴയരികിലാണ്, സ്ഥലം അനുയോജ്യവുമാണ്. ഏറെ ബുദ്ധിമുട്ടുകൾ സഹിച്ച്, ആ സ്ഥലത്ത് പള്ളി വയ്ക്കുന്നതിനുള്ള അനുമതി കിട്ടുന്നതിനായി അഭിപ്രായം ആരായാൻ ദിവാൻജിയുടെ ഉത്തരവു വാങ്ങി തഹസിൽദാർക്ക് അയപ്പിച്ചു. തഹസിൽദാർ നാട്ടുകാരുടെ അഭിപ്രായം അന്വേഷിച്ചു. മേൽപ്പറഞ്ഞ പുല്ലരിക്കുന്നുംപുറം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമായതിനാൽ ക്ഷേത്രാധികാരികൾക്കു സമ്മതമില്ലാത്തതിനാൽ, അവിടെ പള്ളി വയ്ക്കുന്നതിനു തങ്ങൾ അനുവദിക്കയില്ലെന്നും അതിൽ ഖേദമുണ്ടെന്നും അറിയിച്ചു. അങ്ങനെ ഇക്കാര്യം നടക്കാൻ പ്രയാസമാണെന്നു മനസ്സിലാക്കി.

പിന്നീട് അതിനു വടക്കുവശത്തായി കുടമാളൂർ ചെറിയ പള്ളിക്കു കിഴക്കുവശത്തുള്ള ഒരു കുന്നിൻപുറം വാങ്ങിക്കാൻവേണ്ടി പരിശ്രമിച്ചു. ഒരുമയോടെ കഴിയുന്ന തയ്യിൽ തരകൻ, അനുജനായ കൊച്ചുപോത്തൻ മാപ്പിള എന്നീ രണ്ടുപേരെ കണ്ട് വിവരം പറഞ്ഞാൽ അവർ കാര്യം നടത്തിത്തരും എന്നു തോന്നി. ഇരുപത്തഞ്ചുനോമ്പിന്റെ തലേദിവസം കുർബാന ചൊല്ലി നോമ്പുനോക്കി അവരുടെ പക്കലെത്തി കാര്യങ്ങൾ പറഞ്ഞു. അച്ചന്മാർ വേറെങ്ങും പോകണ്ടാ, ഈ കുന്നിൻപുറം തന്നെ നമുക്കു പറ്റിയത് എന്നു പറഞ്ഞ് സ്ഥലം കാട്ടിക്കൊടുത്തു. ഇതുതന്നെ മതിയെന്നു സമ്മതിച്ച് അച്ചന്മാർ തിരികെപ്പോന്നു. നേരത്തേ പറഞ്ഞ ഉത്തരവുപ്രകാരം ഏറ്റുമാനൂർ പ്രദേശത്ത് മാന്നാനം കരയിൽ ഓലംകണ്ണുമുകൾ എന്ന സ്ഥലത്ത് പള്ളിയും വീടും നിർമ്മിക്കുന്നതിനു സമ്മതമാണെന്നു നാട്ടുകാർ എഴുതിക്കൊടുത്തു. പോരൂക്കര അച്ചന് അർത്തുങ്കൽ താമസിച്ചിട്ട് അസുഖം ബാധിച്ചതിനാൽ കുടമാളൂർ വന്നു താമസമാക്കി. ഈ അവസരത്തിൽ, കുന്നിൻപുറത്തെ സ്ഥലം വെട്ടിത്തെളിച്ച് ഒരു കുരിശുപുര കെട്ടിക്കണം, മൽപാനച്ചൻ വഴി അനുവാദം വാങ്ങി കുർബാന ചൊല്ലണം, അതിരമ്പുഴയിൽ വന്ന് കുർബാനയും ചൊല്ലി ഇവിടെ വന്നു താമസിച്ചു പണിയെടുപ്പിക്കാൻ എളുപ്പമല്ല, അതുകൊണ്ട്



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മെത്രാനോടു പറഞ്ഞ് അനുവാദം വാങ്ങാൻ വേണ്ടി മല്പാനച്ചൻ വേഗത്തിൽ ഇവിടെവരെ വരണം, എന്നീ കാര്യങ്ങൾ മൽപാനച്ചനെ അറിയിക്കാൻ എന്നോട് ആവശ്യപ്പെട്ടു. ഞാൻ പള്ളിപ്പുറത്തു ചെന്നു മൽപാനച്ചനോടു കാര്യം പറഞ്ഞപ്പോൾ അച്ചൻ അതിനു സമ്മതിച്ചു. പിന്നെ മെത്രാന്റെ പക്കൽ കാര്യം അറിയിച്ചു. അപ്പോൾ, എങ്ങനെയെങ്കിലും ഒരു കുരിശുപുര കെട്ടിമറച്ച് ഉണ്ടാക്കി കുർബാന ചൊല്ലിത്തുടങ്ങിയാൽ പിന്നെ നന്നായിട്ടുണ്ടാക്കാൻ ഉദാസീനതയാകുമെന്നും, സ്ഥലം വെടിപ്പില്ലാതെ തുടരുമെന്നും, അതുകൊണ്ട് എത്രയുംവേഗം ചെറുതെങ്കിലും ഒരു കുരിശുപുര കല്ലുകൊണ്ടുതന്നെ നിർമ്മിക്കണമെന്നും മെത്രാൻ കൽപിച്ചു. കൽപനപോലെ കല്ലുകൊണ്ടുള്ള പണി തുടങ്ങി. ഞങ്ങളുടെ അച്ചനു സുഖക്കേടു നിമിത്തം കുന്നിൻപുറത്തു വന്നിരിക്കാനും അതിരമ്പുഴയിൽ പോയി കുർബാന ചൊല്ലാനും കഴിയാതായി. മാത്രമല്ല, മെത്രാനച്ചൻ സെമിനാരി നടത്താൻ കൽപിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ അച്ചൻ പള്ളിപ്പുറത്തേക്കു പോയി.

1831 ഇടവം (മെയ്) 11 ന് മെത്രാൻ വന്നു കൊവേന്തയ്ക്കു കല്ലിടാമെന്നു സമ്മതിച്ചിരുന്നു. അന്നേ ദിവസം കല്ലിടാനും കപ്പേളയിൽ കുർബാന ചൊല്ലാനും നിശ്ചയിച്ച വിവരത്തിനുള്ള അറിയിപ്പ് മൽപാനച്ചന്റെ ശിഷ്യരും സ്നേഹിതരുമായ എല്ലാ വൈദികർക്കും കൊടുത്തയച്ചു. എന്നാൽ ആ ദിവസം അടുത്തുവന്നപ്പോൾ മെത്രാന് കൈകാലുകളിൽ ഒരു തരം ചിരങ്ങ് ഉണ്ടായതിനാൽ കല്ലിടാൻ വരാൻ താത്പര്യക്കുറവ് കാട്ടി. പോരൂക്കര അച്ചനും മൽപാനച്ചനും പസ്കാൾ അച്ചനും ഏറെ നിർബന്ധിച്ച് അപേക്ഷിച്ചതുകൊണ്ട്, മെത്രാൻ കല്ലിടാൻ വന്നുചേർന്നു. എന്നാൽ, മെത്രാനു സുഖമില്ലാത്തതിനാൽ പള്ളിപ്പുറത്തച്ചൻ (മല്പാനച്ചൻ) കല്ലിടട്ടെയെന്നും അല്ലെങ്കിൽ പോരൂക്കര അച്ചൻ ചെയ്യട്ടെയെന്നും പറഞ്ഞു. ഇരുവരും അവരുടെ വിനയംകൊണ്ടും പരസ്പരസ്നേഹംകൊണ്ടും കുറച്ചുനേരം തർക്കിച്ചുവെങ്കിലും പോരൂക്കര അച്ചൻ തന്നെ കല്ലിടാൻ തീരുമാനമായി.

കൊവേന്ത ആരുടെ നാമത്തിൽ വേണമെന്ന് ആലോചിച്ചപ്പോൾ മൂന്ന് അഭിപ്രായമുണ്ടായി. മെത്രാന്റെ താത്പര്യം സ്നാപകയോഹന്നാന്റെ നാമത്തിൽ വേണമെന്നായിരുന്നു. ഞങ്ങളുടെ അച്ചൻ ഡോമിനിക് പുണ്യവാന്റെ പേരിലും പോരൂക്കര അച്ചൻ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലും വേണമെന്നു പറഞ്ഞു. മൂന്നും കേട്ടുകഴിഞ്ഞപ്പോൾ മെത്രാനും മൽപാനും പോരൂക്കര അച്ചന്റെ അഭിപ്രായമാണു നല്ലതെന്നു സമ്മതിച്ചു. മെത്രാന്റെ സാന്നിധ്യത്തിൽ



www.TheCMSIndia.org

പോരൂക്കര അച്ചൻ യൗസേപ്പ് പുണ്യവാന്റെ നാമത്തിൽ കൊവേന്തപ്പള്ളിക്കു അടിസ്ഥാനശില സ്ഥാപിച്ചു.

1832-ൽ മൗറേലിയോസ് മെത്രാനുപകരം ഫ്രാൻസിസ്കോസ് സേവ്യർ എന്ന മെത്രാൻ സ്ഥാനമേറ്റു. അച്ചന്മാർ മെത്രാനെ പോയി കണ്ടു. പോരൂക്കര അച്ചൻ മാന്നാനത്തുനിന്നു മാറി കായംകുളം, പിള്ളത്തോപ്പ് തുടങ്ങി കൊല്ലം മിസ്സത്തിലെ പള്ളികളിൽ വികാരിയായി പോകണമെന്നു പുതിയ മെത്രാൻ കൽപന അയച്ചു. അച്ചൻ ഇക്കാര്യം മൽപാനച്ചന്റെ അടുക്കൽ വന്നു ചർച്ച ചെയ്തു. വൈദികാധ്യക്ഷന്റെ കൽപന ദൈവതിരുമനസ്സാണ്, ഒരുപക്ഷെ നമ്മുടെ അനുസരണവും വിധേയത്വവും പരീക്ഷിക്കാൻ കൽപന തന്നതാണോയെന്ന് അറിയില്ല, ഏതായാലും പരാതിയൊന്നും പറയാതെ അനുസരിക്കാമെന്നതാണു തന്റെ വിചാരമെന്ന് അച്ചൻ തന്നെ പറഞ്ഞു. അങ്ങനെയാകട്ടെയെന്നു മൽപാനച്ചനും സമ്മതിച്ചു. അങ്ങനെ പോരൂക്കര അച്ചൻ കൊല്ലത്തേക്കു പോയി.

മെത്രാൻ മൽപാനച്ചനോടു കൽപിച്ച കാര്യങ്ങളെല്ലാം വിധേയപൂർവം നിറവേറ്റുന്നതുകണ്ട്, അദ്ദേഹം വളരെ സംതൃപ്തനായി. അതുപോലെതന്നെ പോരൂക്കര അച്ചൻ കൽപനപോലെ കൊല്ലത്തു പോയി വികാരിയുടെ ചുമതലകൾ നിർവ്വഹിച്ചതും മെത്രാനിൽ വലിയ സന്തോഷവും താത്പര്യവുമുളവാക്കി. പിന്നീട് പോരൂക്കര അച്ചൻ അവിടെ പിള്ളത്തോപ്പു മുതലായ പള്ളികളിൽ വികാരിസ്ഥാനം പൂർത്തിയാക്കി തിരികെ വരുമ്പോൾ കൊല്ലത്തുനിന്ന് ഒരു പണിക്കാരനെ കൊണ്ടുവന്നു. മരപ്പണിയും കൽപണിയും അറിയാവുന്ന അയാൾ പള്ളിക്കും പള്ളിയിൽനിന്നു വടക്കോട്ടുള്ള മുറികൾക്കും അടിസ്ഥാനമിട്ടു പണി തുടങ്ങി. ഇതിനിടയിൽ അതിരമ്പുഴക്കാരായ ആലഞ്ചേരി, വലിയപറമ്പൻ എന്നീ രണ്ട് ശെമ്മാശ്ശന്മാർ, അച്ചൻ കൂടെക്കൂടെ ഇവിടെ വന്നു താമസിക്കുന്നതിനാൽ അച്ചനോടൊപ്പം നിന്നു പഠിക്കുന്നതിനായി എത്തിച്ചേർന്നു താമസം തുടങ്ങി.

ഈ അവസരത്തിൽ അച്ചന്മാരുടെ അഭിപ്രായം രണ്ടായി. മൽപാനച്ചനു ശെമ്മാശൻമാരും പഠനവുമൊക്കെ കൂടെയുണ്ടാവണം. പള്ളിയിലെ ശുശ്രൂഷകൾ ആഘോഷമായി നടത്താനും ജനങ്ങൾക്കു താത്പര്യമുണ്ടാകാനും അതു സഹായിക്കും, കൊവേന്തയ്ക്ക് ആളെ കിട്ടാനും ബുദ്ധിമുട്ടുണ്ടാകില്ല, അതിനാൽ സെമിനാരിയും പഠനവും ഒരു ഭാഗത്തും കൊവേന്ത മറുഭാഗത്തുമായി വേണമെന്നതായിരുന്നു മൽപാനച്ചന്റെ അഭിപ്രായം. എന്നാൽ, പോരൂക്കര അച്ചന്റെ വീക്ഷണ



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

ത്തിൽ സെമിനാരിയായി പഠിപ്പിച്ചുവന്ന സ്ഥലങ്ങൾ മിക്കതും കാലാന്തരത്തിൽ നശിച്ചുപോയതായാണു കാണുന്നത്. ഇവരെ നേർവഴിയിൽ വളർത്തിക്കൊണ്ടുവരാനും പ്രയാസം. കൊവേന്ത എന്നതിന്റ ലക്ഷ്യം തന്നെ ദൈവശരണമാണ്, അതുകൊണ്ട് മനുഷ്യരിൽ പ്രതീക്ഷ വയ്ക്കുന്നതു തടസ്സമേ ഉണ്ടാക്കൂ എന്നായിരുന്നു അച്ചന്റെ പക്ഷം. എങ്കിലും പോരുക്കര അച്ചൻ മൽപാനച്ചന്റെ മനസ്സിനും ആഗ്രഹത്തിനും കീഴ്‌വഴങ്ങി. അങ്ങനെ, ഈ ശെമ്മാശ്ശന്മാരും മാന്നാനത്തു തന്നെ താമസിച്ചുവന്നു.

വടക്കോട്ടുള്ള മുറിയുടെ താഴത്തെ മുറി ഏതാണ്ടു പണിതീർന്നു താമസിക്കാൻ പാകത്തിലായി. അപ്പോൾ മൽപാനച്ചന് അർശ്ശസിന്റെ ആധിക്യത്താൽ വലിയ ക്ഷീണമായി. മാന്നാനത്തെ തണുപ്പുകാറ്റേൽക്കാൻ കഴിയാതെയുമായി. അങ്ങനെ അദ്ദേഹം മിക്കപ്പോഴും പള്ളിപ്പുറത്തുതന്നെ താമസമാക്കി. അധികം വൈകാതെ വടക്കോട്ടുള്ള മുറിയുടെ മുകളിലത്തെ തട്ടിലും താമസസൗകര്യമായി. ചില രൊക്കെ പഠിക്കാൻവേണ്ടി വന്നുചേർന്നു. ഒരു മുഴുവൻ ധ്യാനം കഴിഞ്ഞ ശേഷം കൊവേന്തയിൽ ചേർന്നു പഠിക്കാൻ താത്പര്യമുള്ളവർ അറിയിക്കണമെന്നു പറഞ്ഞു. അവർ മുകളിൽ താമസിക്കണമെന്നും അല്ലാത്തവർ താഴെ താമസിക്കണമെന്നും നിർദ്ദേശിച്ചു. ചിലർക്ക് ഇത് ഇഷ്ടപ്പെട്ടില്ല. മൽപാനച്ചൻ ഇവിടെയില്ലാത്ത നേരത്ത് പോരൂക്കര അച്ചൻ സ്വന്തം ഇഷ്ടപ്രകാരം ഞങ്ങളെ താഴെയിറക്കി, ചിലരെയൊക്കെ മുകളിലും കയറ്റിയിരുത്തി എന്നിങ്ങനെയുള്ള പരാതിയും സങ്കടവും മൽപാനച്ചനോട് അറിയിച്ചു. ഞാൻ അച്ചന്റെ പക്കൽ ചെന്നപ്പോൾ അദ്ദേഹം ഇക്കാര്യമൊന്നും പറയാതെ, അതിനെ നിസ്സാരമാക്കിയതേയുള്ളു. മറ്റു കാര്യങ്ങളൊക്കെ പറഞ്ഞു. മാന്നാനത്തെ പണികൾ വേഗത്തിൽ തീർത്ത്, വടക്കോട്ടുള്ള ഭാഗം തട്ടുണ്ടാക്കി ഓടുമേഞ്ഞാൽ കൊള്ളാമായിരുന്നു എന്നു പറഞ്ഞു. അതിനുള്ള പണത്തെക്കുറിച്ചും അലോചിക്കുകയുണ്ടായി.

ഇപ്പോൾ ഇവിടെ തടിക്കു വില കൂടുതലായതിനാൽ ദാനം വാങ്ങുന്നതിനും തടി വാങ്ങുന്നതിനുമായി ആരക്കുഴ, മൈലക്കൊമ്പ്, കാരക്കുന്നം, കോതമംഗലം മുതലായ സ്ഥലങ്ങളിൽ എത്തി. തടികൾ വെട്ടി അറുപ്പിച്ച് വർഷം തുടങ്ങുമ്പോൾ കൊണ്ടുവരാൻ പാകത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുപോന്നു. പിന്നീട് യാക്കോബിനെ വിട്ട് തടിയുടെ കാര്യം അന്വേഷിപ്പിക്കുകയും ക്രമീകരണങ്ങൾ ചെയ്യു



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കയും ചെയ്തു. അച്ചന് അസുഖം വർദ്ധിച്ചതിനാൽ ഞാൻ ഇവി ടെയും പള്ളിപ്പുറത്തുമായി താമസിക്കുകയായിരുന്നു.



1841 മകരം (ജനുവരി) 16-ാം തീയതി ശനിയാഴ്ച, അതായത് വെള്ളിയാഴ്ച പാതിരാത്രി കഴിഞ്ഞ് ഞങ്ങളുടെ മൽപാനച്ചനും സഭ യുടെ സ്ഥാപകനുമായ പള്ളിപ്പുറത്തു പാലയ്ക്കൽ തോമ്മാച്ചൻ മരിച്ചു. 41-ാം ചരമദിനം വരെ അവിടെ റാസ ചൊല്ലി. പിന്നെ ഇരുപ ത്തെട്ടുതോറും റാസ ചൊല്ലി. അവരവർ താമസിക്കുന്ന സ്ഥലങ്ങളിൽ തിങ്കളാഴ്ച തോറും ഓരോ റാസയും, 365 കുർബാനയും ചൊല്ലുവാൻ നിശ്ചയിച്ചു. ഈരണ്ടു റാസയും പതിമൂന്നു കുർബാനയും ഓരോരു ത്തർ ഏറ്റെടുത്തു ചെയ്തു.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

നാൽപത്തൊന്നാം ചരമദിനം അച്ചന്റെ ശിഷ്യൻമാരുടെ വകയായി ആചരിച്ചു. അതിനായി വൈദികർ 120 ചക്രവും ശമ്മാശ്ശന്മാർ 60 ചക്രവും വീതം എടുത്തു. ഈ തുക് കൊണ്ട് നാൽപത്തൊന്നു കഴിച്ച് മൂവായിരം ചക്രം കുർബാനയ്ക്കും ധർമ്മത്തിനും വേണ്ടി കൊവേന്തയിൽ ഇട്ടിരുന്നു. അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് പള്ളിപ്പുറം, മുട്ടം, വെച്ചൂർ, തത്തംപിള്ളി, ആലപ്പുഴ, ചേന്നങ്കരി, ചമ്പക്കുളം, എടത്വാ എന്നിങ്ങനെ എട്ട് സ്ഥലങ്ങളിലെ ദർശനസമൂഹക്കാർ അവരുടെ കുരിശ് മുതലായ സാധനങ്ങൾ കൊണ്ടുവന്നു. തൈക്കാട്ടുശ്ശേരി, ചെമ്പ്, പറവൂർ, കടുത്തുരുത്തി, മുട്ടുചിറ, കുടമാളൂർ, തുടങ്ങിയ ഇടവകക്കാർ അവരുടെ സാധനങ്ങളും കൊണ്ടുവന്നു. അന്നത്തെ പെട്ടി, മെഴുകുതിരി, പള്ളിക്കാരുടെ ചെലവ് തുടങ്ങിയവ പഴയകടവിലച്ചനും മുട്ടത്തുകാരൻ യോഹന്നാൻ അച്ചനും കൂടിയാണു വഹിച്ചത്. മുട്ടത്തുകാരൻ യോഹന്നാൻ അച്ചൻ പ്രത്യേക ഉത്സാഹവും താത്പര്യവും കാണിച്ചതിനാൽ ഒന്നിനും കുറവുവരാതെ എല്ലാം മംഗളകരമായി അവസാനിച്ചു.

---




www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA




പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ സ്മരണാർത്ഥം
സ്ഥാപിതമായിരിക്കുന്ന ആലുവയിലെ ആചാര്യ പാലയ്ക്കൽ ജീവസ്സ് കേന്ദ്രം




ആചാര്യ പാലയ്ക്കൽ ജീവസ്സ് കേന്ദ്രത്തിന്റെ ഉൾവശം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS